# ലിറ്റിൽകൈറ്റ്സ്

## 2023-24

## ജി എച്ച് എസ് എസ് ചുഴലി



അക്ഷരം പൂക്കുന്ന

# പൂന്തോപ്പ്



ഡിജിറ്റൽ മാഗസിൻ

# വെയിൽപൊള്ളലുകൾ

നന്ദ ഉണ്ണിക്കൃഷ്ണൻ
9 B

നിലാവ് നടന്നു പോയ വഴിയിലേക്ക് പുലരി വെട്ടം മെല്ലെ കടന്നു വന്നു. പുക പടർന്നു നരച്ച വെളിച്ചം ഓല കീറുകൾ താണ്ടി മേൽപ്പുരയുടെ വിടവിലൂടെ തേയിയച്ചുമ്മയുടെ കവിളിൽ തൊട്ടു. ചൂടിക്കട്ടിലിന്റെ മറുപാതിയിൽ കുഞ്ഞാതാനച്ചപ്പന്റെ നിഴൽ കണ്ടു പരാതി നോക്കി. എന്നോ വിട്ടു പോയി എന്നറിഞ്ഞിട്ടും എന്നും പരാതി നോക്കുന്ന കൈകളെ തേയിയച്ചമ്മ വിറയലോടെ പിൻവലിച്ചു. ഒരു ദീർഘനിശ്വാസത്തോടെ എഴുന്നേറ്റ് അടുക്കള വാതിൽ തുറന്നു. മകരത്തിലെ തണുപ്പിൽ ആലസ്യം പൂണ്ടുറങ്ങിയ മണിമരുത് ചില്ലകൾ കുടഞ്ഞു തേയിയച്ചുമ്മയുടെ മുഖത്തേക്ക് തണുത്ത മഞ്ഞിൻ തുള്ളികൾ തെറിപ്പിച്ചു. ഉറക്കത്തിൽ നിന്നുണർന്ന ചെറുകാറ്റ് ഓല വാതിലിൽ തട്ടി തിരിച്ചുപോയി.

രണ്ടു ദിവസം മുന്നേ കുതിരാനിട്ട ചകിരിത്തൊണ്ട് വെള്ളത്തിൽ കുതിർന്നിരുന്നു. ഓരോന്നായി എടുത്തു ചാറ് വെള്ളം കുടഞ്ഞു കളഞ്ഞു. അടിക്കല്ലിൽ വച്ച് മരമുട്ടി കൊണ്ട് അടിച്ചു പദം വരുത്താൻ തുടങ്ങി. ഇടയിൽ മരമുട്ടി കയ്യിന്നു വഴുതി തെറിച്ചു. പഴയ പോലെയല്ല വയസ്സായതിന്റെ ക്ഷീണം കൈകാലുകളെ തളർത്തിയിട്ടുണ്ട്. മരമുട്ടിയെടുക്കാൻ കുനിഞ്ഞപ്പോൾ തേയിയച്ചുമ്മ ഓർത്തു ചൂടിക്കയറുണ്ടാക്കാനുള്ള ചകിരിയാണ്. ബലം വേണം വീണ്ടും വീണ്ടും അടിച്ചടിച്ചു നല്ല പരുവത്തിലാക്കി.

അച്ചപ്പൻ പോയതിൽ പിന്നെ തേയിയച്ചുമ്മയ്ക്ക് ഇതല്ലാതെ വേറെ വരുമാനം ഒന്നുമില്ല തന്റെ ഇത്തിരിയോയാളം പോന്ന ചകിരിക്കെട്ടു ഫാക്ടറിക്ക് ആവശ്യമുണ്ടായിട്ടല്ല. അച്ചുമ്മയ്ക്കറിയാം ആ ചെറുപ്പക്കാരൻ മാനേജർ ഇച്ചിരി കരുണയുള്ളവനാ. തെക്കന്നെങ്ങാൻ വന്നയാളാ ഈ മലയോരത്തു ഇങ്ങനെയൊരു സ്ഥാപനം തുടങ്ങാൻ വർഗീസ് മാപ്പിളയ്ക്ക് തോന്നിയത് നന്നായി. ഈ ഭാഗത്തെ ചകിരിയെല്ലാം വളപ്പിലിട്ടു നശിച്ചു പോകാനായിരുന്നു പതിവ് ഈ ഫാക്ടറി വന്നതിൽ പിന്നെ എല്ലാവരും ചകിരി വിൽക്കുന്നുണ്ട്.

തേയിയച്ചമ്മ തൊണ്ടു കുതിർത്തു, ചകിരി തല്ലിയെ കൊടുക്കാറുള്ളൂ. ഫാക്ടറിയിൽ നിന്ന് ചകിരി ചൂടിയും ചവിട്ടിയും മറ്റുമാക്കി മറ്റും എന്നിട്ടു കയറ്റി അയക്കും. ആ ചെറുപ്പക്കാരൻ മാനേജർക്ക് കൈകൊണ്ടു ഉണ്ടാക്കുന്ന ചകിരിയുടെ വില അറിയാം. അവൻ ചെറുപ്പത്തിൽ ഉണ്ടാക്കിയിട്ടുണ്ടാവും. അല്ലെങ്കിൽ അവന്റെ ആരെങ്കിലും ഈ പണി എടുത്തിട്ടുണ്ടാകും. ഫാക്ടറിയിൽ ലോഡ്കണക്കിനു ചകിരി ഉണ്ടാക്കുന്നതാണ് അത് വച്ച് നോക്കുമ്പോൾ ഈ കയ്യോണ്ട് ഉണ്ടാക്കുന്ന ചകിരി അവർക്കെന്തിനാ.

ചിന്തകൾ ഓരോന്നായി തേയിയച്ചുമ്മയുടെ മനസ്സിലേക്ക് കയറിക്കൊണ്ടിരുന്നു.

പദം വരുത്തിയ ചകിരി ചുരുട്ടിയെടുത്തു കൂട്ടിക്കെട്ടി. രണ്ടു മൂന്ന് കറ്റ നെൽക്കതിരോളം പോന്ന വണ്ണമുണ്ട്. അച്ചൂമ്മ എഴുന്നേറ്റു നടുനിവർത്തി.

കാലം പോയിക്കൊണ്ടിരിക്കുമ്പോൾ നടുവിന് വളവ് കൂടി കൂടി വരുന്നു. തിരിഞ്ഞു നടക്കാൻ നോക്കിയപ്പോൾ കുറിഞ്ഞിപ്പൂച്ച വട്ടംചാടി മുന്നിൽ വന്നു. "പോ.... പൂച്ചേ..... ഞാൻ എത്ര പറഞ്ഞു നീ കേട്ടോ. എന്റെ കയ്യിൽ ഒന്നുമില്ല... നീ വിശന്നു ചാവും അപ്പുറത്തെങ്ങാൻ പോയി വല്ലതും കിട്ടുമോന്നു നോക്ക്."

കാര്യം മനസ്സിലായപോലെ പൂച്ച തൊട്ടാവാടി പടർന്നിറങ്ങിയ തൊടിയിലൂടെ നൂർന്നിറങ്ങിപ്പോയി. .

"ഇനി നിന്നോട് പ്രത്യേകിച്ച് പറയണോ ......"

വാഴ കയ്യിലിരുന്ന് കരഞ്ഞു വിളിക്കുന്ന കാക്കയോടും അച്ചൂമ്മ ചൊടിവ് കാട്ടി. കാക്ക പരിഭവം കരഞ്ഞു പറഞ്ഞു പാറിയകന്നു.

ഓ ഇനി ഇത് മുഴുവനും കൊണ്ടോവാണല്ലോ, ആത്മഗതങ്ങളുടെ കൂട്ടിലേക്ക് ഒന്ന് കൂടി എറിഞ്ഞു കൊടുത്ത് തേയിയച്ചൂമ്മ കൂട്ടിക്കെട്ടിയ ചകിരിക്കെട്ടു തലയിലേറ്റ് നടന്നു. ഇടവഴിയിലൂടെയുള്ള നടത്തം രസം പിടിച്ച പരിപാടിയാണ്. ചെറുപ്പത്തിൽ തേയി അമ്മയോടൊപ്പം മഞ്ചാടി പെറുക്കി നടന്ന വഴികളാണ്. താഴെ വെള്ളമെടുക്കാൻ പോകുമ്പോൾ എന്നും തറഞ്ഞു കയറുമായിരുന്ന കല്ല് ഇപ്പോൾ മിനുസപ്പെട്ടിട്ടുണ്ട്. തേയിയച്ചൂമ്മയുടെ കാലുകളെ കല്ല് ഇക്കിളിയാക്കി. തേഞ്ഞു തീരാറായ ഉരുളൻ കല്ലുകൾക്കിടയിലൂടെ തല പൊന്തിച്ച തൊട്ടാവാടി മുള്ളുകൾ തേയിയച്ചൂമ്മയുടെ കാലുകളെ തൊട്ടതേയില്ല .

"ആ.. ആരായിത്..? മോനൂട്ടാ, ഇന്ന് സ്കൂളിൽ പോണ്ടേ?"

ഇത് പതിവ് കാഴ്ചയാണ്. ഇരുനിലവീടിന്റെ അടച്ചിട്ട ജനലുകൾ തുറന്നു പുറത്തേക്കു നോക്കി റ്റാ... റ്റാ... പറഞ്ഞ കുഞ്ഞു കൈകളോട് തേയിയച്ചൂമ്മ വെറുതേചോദിച്ചു.

"ജോൺ, നീ അവിടെ എന്തെടുക്കുവാ?"

അകത്തു നിന്ന് വന്ന ശകാരം ആ കുഞ്ഞു കൈകളെ പിൻവലിച്ചു. ജനൽ വാതിലുകൾ വലിച്ചടഞ്ഞു.

പാവം കുട്ടികളെ കൂട്ടിലിട്ടു പഠിപ്പിക്കുന്ന ആളുകളെയാ ആദ്യം ജയിലിലടയ്ക്കേണ്ടത്. അച്ചൂമ്മ വെറുതെ ഓർത്തു.

അപ്പോഴേക്കും റോട്ടിലുരഞ്ഞു തീരാറായ ടയറുമായി രവിയുടെ സൂപ്പർഫാസ്റ്റ് ജീപ്പെത്തി. തേഞ്ഞു തീർന്ന ടയർ റോട്ടിലുരഞ്ഞു കരഞ്ഞു നിന്ന്.

"എന്തെല്ലാന്നു അച്ചൂമ്മേ?"

കഴിഞ്ഞ മാസം സ്ഥലം മാറി വന്ന ലത ടീച്ചർ ജീപ്പിന്റെ പുറത്തേക്കു ചോദ്യമെറിഞ്ഞു.

"അങ്ങിനെ പോന്നപ്പാ", പതിവ് ഉത്തരം.

അച്ചമ്മ ജീപ്പിൽ കയറി. രവിയുടെ രണ്ടു കുട്ടികളും അതിൽ ഇരിക്കുന്നുണ്ട്. സ്കൂളിലേക്കാണ് അവരെ എന്നും ഒരുക്കി തന്നോടൊപ്പം ജീപ്പിൽ കൂട്ടി സ്കൂളിൽ കൊണ്ടാക്കിയാണ് രവി ഓട്ടത്തിന് പോകാറുള്ളത്.

ജീവിതത്തിന്റെ ഓഫ് റോഡ് യാത്രകളിൽ എന്നും ടയർ കുടുങ്ങിയ അനുഭവം മാത്രമേ രവിക്കുള്ളൂ.

"രവി... എങ്ങനെയുണ്ടെടാ ഓൾക്ക്?"

ഓള് മലബാർ കാൻസർ സെന്ററിൽ തന്നെയാണ് ഉള്ളത്. അളിയനും അമ്മായിയും ആട ഇണ്ട്. റൂമിലാന്ന്. നാളെയാണ് ഓപ്പറേഷൻ ചെയ്യുന്നത്.

ഓർമ്മകളുടെ ഇരുണ്ട ആഴം രവിയുടെ കണ്ണുകളിൽ നിറഞ്ഞു നിന്ന്.

"രവിയേട്ടാ, നിർത്ത്.... നിർത്ത്...."

ലത ടീച്ചർ പെട്ടെന്ന് വിളിച്ചു പറഞ്ഞു. രവി അമ്പരന്നു പെട്ടെന്ന് ബ്രേക്കിൽ അമർത്തി. എല്ലാവരും മുന്നോട്ട് വീഴാൻ പോയി അച്ചമ്മയുടെ ചകിരിക്കെട്ട് താഴെ വീഴുമെന്നു തോന്നി അവിടെ തന്നെ ഇരുന്നു.

"എന്നാ.. എന്നാ?" രവി പിന്നിലേക്ക് നോക്കി ചോദിച്ചു.

"നോക്ക്, അത് കണ്ടാ. നോക്ക് രണ്ടു കാട്ടുപോത്ത്."

ലത ടീച്ചർ ആവേശം കൊണ്ട് പരിസരം മറന്നുപോയി. ജീപ്പിലുള്ളവർ അത്ഭുത ജീവിയെപ്പോലെ ടീച്ചറെ നോക്കി.

"അല്ലപ്പാ, ഇങ്ങള് കാട്ടിനകത്ത് കാട്ടുപോത്തിനെ കണ്ടിട്ടില്ലേ...? ഓ നിങ്ങള് അങ്ങ് ആലപ്പുഴെന്നല്ലേ?"

ജീപ്പിനകത്തിരുന്ന സതീശൻ തന്നെ കളിയാക്കിയത് ഇഷ്ടപെട്ടില്ലെങ്കിലും ലത ടീച്ചർ ഒരു ഇളിഭ്യചിരി തിരിച്ചു കൊടുത്തു.

ഞെട്ടലിൽ നിന്ന് രവി ഗിയർ മാറ്റി ജീപ്പ് പറത്തി വിട്ടു.

ചന്തയിലെത്തിയപ്പോഴേക്കും എല്ലാവർക്കും ചില പന്തികേട് തോന്നി തുടങ്ങി. ചില കടകൾ തകർത്തിട്ടിരിക്കുന്നു. ചിലതു പുകയുന്നു. ചില ഉന്തുവണ്ടികൾ മറിച്ചിട്ടിട്ട് ഉണ്ട്. വാഹനങ്ങൾ ചില്ലു തകർത്തിരുന്നു. ചില പോലീസുകാർ അങ്ങോട്ടും ഇങ്ങോട്ടുമെല്ലാം നടക്കുന്നുണ്ട്.

ജീപ്പിനടുത്തേക്ക് വന്ന ആളോട് സതീശൻ ചോദിച്ചു.

"അല്ലാ ഇട്യെന്ന നടക്കുന്നത്. ഹർത്താലെങ്ങാനീണ്ട?"

"അപ്പൊ നിങ്ങള് ഒന്നും അറിഞ്ഞിട്ടില്ലെ? ചന്തേല് ഇന്നലെ രാത്രി കൊയപ്പം ഉണ്ടായിന്. മതലഹളെന്നെല്ലാം പറയുന്നുണ്ട്. നമ്മളെ നാട്ടിലും ഇങ്ങനെയെല്ലാം ഇണ്ടായാല് എന്ത്ന്നപ്പ ചെയ്യണ്ടെ?"

ജീപ്പിനകത്തു പെട്ടെന്നൊരു മൂകത പടർന്നു. എല്ലാവരും മുഖത്തോട് മുഖം

നോക്കി.

തേയിയച്ഛമ്മ ചകിരികെട്ടുമെടുത്തു ഫാക്ടറിയിലേക്ക് നടന്നു. ഫാക്ടറിക്കടുത്തെത്തുമ്പോൾ തന്നെ കത്തിയ ചകിരിയുടെ മണം വെണ്ണീറോടുകൂടി കാറ്റത്തു പറന്നു വന്നു.

കണ്ണീരു കലർന്നു മങ്ങിയ കാഴ്ചയിൽ തേയിയച്ഛമ്മ എല്ലാം നോക്കി നിന്നു.

ചെറുപ്പക്കാരൻ മാനേജർ അച്ഛമ്മയുടെ അടുത്തേക്ക് വന്നു.

"അച്ചമ്മേ, ഞങ്ങളുടെ നാട്ടിൽ ചില പ്രശ്നങ്ങൾ ഉണ്ടായതുകൊണ്ടാണ് ഞങ്ങളിങ്ങോട്ടു വന്നത്. ഇങ്ങനെ ആയാൽ നമ്മളെന്തു ചെയ്യാനാണ്? ഞങ്ങള് ഇവിടുന്നു പോകുവോന്നു തിരിച്ചു തെക്കോട്ടു തന്നെ."

എന്ത് പറയണമെന്ന് അച്ഛമ്മയ്ക്ക് അറിയില്ലായിരുന്നു.

ചെറുപ്പക്കാരൻ മാനേജർ തുടർന്നു. "അച്ഛമ്മ ഇന്ന് കഷ്ടപെട്ട് ഉണ്ടാക്കിയതല്ലേ ഇത് ഞാനെടുക്കാം."

മാനേജർ അച്ഛമ്മയുടെ തലയിലെ ചകിരിക്കെട്ടു വാങ്ങി താഴെ വെച്ചു. ഒന്നു രണ്ടു നോട്ടുകൾ ചുരുട്ടി കയ്യിൽ വെച്ചു കൊടുത്തു. വിറയ്ക്കുന്ന കൈകളോടെ അച്ഛമ്മ അത് വാങ്ങി.

റോഡ് പൊള്ളിത്തുടങ്ങി.

മാനേജർ നടന്നകന്നു. പൊള്ളുന്ന കാലുമായി തേയിയച്ഛമ്മ വെയിലേക്ക് നടന്നു. നാളത്തേക്ക് വേണ്ടി കുതിരാൻ വച്ച ചകിരി തൊണ്ട് അച്ചമ്മേയേ കാത്ത് ചകിരി കുഴിയിൽ തന്നെ കുതിർന്നിരുന്നു.

# ആരോഗ്യം ആപത്തിലേക്ക്

നിരഞ്ജന പി വി
10 A

ആരോഗ്യം എന്ന് പറയുന്നത് ഒരു മനുഷ്യന്റെ ശാരീരികവും മാനസികവും സാമൂഹികവും ആയ സ്വസ്ഥിതി ആണ്. ആരോഗ്യം നഷ്ടപ്പെട്ടാൽ മനുഷ്യന് സ്വയം ഒരു കാര്യവും ചെയ്യാൻ കഴിയില്ല. അതുകൊണ്ട് തന്നെ ആരോഗ്യം നിലനിർത്തുക എന്നത് ഒരു മനുഷ്യനെ സംബന്ധിച്ച് വലിയൊരു കാര്യമാണ്.

പണ്ട് കാലത്ത് മനുഷ്യരെല്ലാം നല്ല നല്ല സാധനങ്ങൾ കഴിക്കുകയും നല്ല ജീവിത രീതികൾ പിന്തുടരുകയും ചെയ്തിരുന്നു.മാത്രമല്ല സ്വയം ഉണ്ടാക്കിയ ഭക്ഷണമാണ് കഴിച്ചിരുന്നത്.




നല്ല രീതിയിൽ ശരീരത്തിന് ചലനം ഉളവാകുന്ന ജോലികളിലും പണ്ടത്തെ ആളുകൾ ഏർപ്പെട്ടിരുന്നു. എന്നാൽ ഇന്നത്തെ തലമുറ ഇതിൽ നിന്നും ഒരുപാട് വ്യത്യസ്തമായിട്ടാണ് ഓരോ കാര്യവും ചെയ്യുന്നത്. ഈ പുതിയ കാലഘട്ടത്തിൽ മനുഷ്യരെല്ലാം വീട്ടിൽ നിന്നുള്ള ഭക്ഷണം കഴിക്കാതെ ഹോട്ട ലിൽ നിന്നുമാണ് കഴിക്കുന്നത്. ഇത് ആ രോഗ്യത്തെ മോശമായി ബാധിക്കുന്നു. മാ ത്രമല്ല ഇന്ന് മനുഷ്യരുടെ ജോലി എല്ലാം ചെയ്യുന്നത് പ്രതേക യന്ത്രങ്ങളാണ്. അതു കൊണ്ട് തന്നെ ശരീരം ചലിക്കുന്നില്ല. പ്ര ത്യേക വ്യായാമങ്ങളും ചെയ്യുന്നില്ല. അതു കൊണ്ട് തന്നെ പല രീതിയിലുള്ള അസുഖങ്ങളും ജീവിതത്തിലേക്ക് കടന്നുവരാം.

ഈ കാലത്തിൽ ആരോഗ്യം നേരിടുന്ന മറ്റൊരു വെല്ലുവിളി ആണ് പുക മലിനീകരണം. വാഹനങ്ങളുടെ പുക ഈ കാലത്ത് കാണാത്ത ഒരു ദിവസം പോലും ഉണ്ടാകില്ല. മനുഷ്യർ ഈ വാഹന പുക എല്ലാം വായുവിന്റെ കൂടെ ശ്വസിക്കുകയാണ്. മനുഷ്യ രാശിക്ക് തന്നെ ഇതിൽ വലിയ പ്രേശ്നമായി മാറും. കാൻസർ പോലുള്ള രോഗങ്ങൾ ഈ കാലത്ത് വളരെ വ്യാപകമാകാനുള്ള കാര്യങ്ങൾ ഒന്ന് തന്നെയാണ്.

ലഹരി മരുന്നുകൾ ഉപയോ ഗിക്കുന്നതും ആരോഗ്യ രംഗത്ത് വലിയ പ്രശ്നങ്ങൾ ഉണ്ടാകുന്നു. ലഹരി മനുഷ്യന്റെ ആന്തരാവയവങ്ങളെ ബാധിക്കുന്നു. ഇത് മൂലം മരണത്തിന് വരെ തോൽപിക്കാൻ പറ്റുന്ന രീതിയിൽ ഉള്ള അസുഖങ്ങൾ ആണ് മനുഷ്യനിൽ കടന്നുകൂടുന്നത്. ലഹ രി ഉപയോഗിക്കുന്ന ഒരാൾക്കു അത് നിർത്താൻ വലിയ പാടായിരിക്കും. അതു കൊണ്ട് തന്നെ അത് ഉപയോഗിച്ചു തുടങ്ങാതിരിക്കുക എന്നതാണ് നല്ലത്. ലഹരി ഉപയോഗത്തിൽ ഇന്നത്തെ തലമുറ വളരെ അധികം കൂടിയ അവസ്ഥയിലാണ്. ഇത് മാറ്റേണ്ടത് അനിവാര്യമാണ്.

ജീവിത ശൈലി രോഗങ്ങളാണ് കൂടുതൽ ആയി ബാധിക്കുന്നത്. നിത്യ ജീവിതത്തിലെ രീതികൾ നല്ലതല്ല എങ്കിൽ ആണ് ജീവിത ശൈലി രോഗങ്ങൾ ബാധിക്കുന്നത്. ആരോഗ്യകരം അല്ലാത്ത ഭക്ഷണ രീതി വ്യായാമം ഇല്ലായ്മ ഇതൊക്കെ ജീവിത ശൈലി രോഗങ്ങൾക് കാരണമാകും. ഇന്നത്തെ തലമുറ ഒരുപാട് സൗന്ദര്യ വസ്തുക്കൾ ശരീരത്തിൽ ഉപയോഗിക്കുന്നു. ഇത് ശരീരത്തിന് ഉള്ളിൽ ചെന്ന് ശരീരത്തിന്റെ ആരോഗ്യം നശിപ്പിക്കുന്നു. മാത്രമല്ല ഇത് ഉപയോഗിക്കുന്നത് വഴി അസുഖങ്ങൾ ഉണ്ടാകാനും വളരെ അധികം സാധ്യത ഉണ്ട്.



പണ്ടത്തെ കാലത്തെ അപേക്ഷിച്ചു നോക്കുമ്പോൾ ഇന്നത്തെ കാലത്ത് കുട്ടികൾക്കും ചെറുപ്പക്കാർക്കും ആണ് അസുഖങ്ങൾ കൂടുതൽ. കാരണം അവരുടെ ജീവിത രീതികൾ പണ്ടുകാലത്തെ അപേക്ഷിച്ച വളരെ വ്യത്യസ്തവും മോശവും ആണ്. ശരീരത്തെ മോശമായി ബാധിക്കുന്ന ജീവിത രീതികളാണ് ഇന്നതെ തലമുറ ഇഷ്ടപ്പെടുന്നത്. അതുകൊണ്ട് തന്നെ യാണ് ഇന്നത്തെ തലമുറക്ക് അസുഖങ്ങൾ കൂടുന്നത്.

ശുചിത്വം നല്ലരീതിയിൽ അല്ലെങ്കിൽ വളരെ മോശമായിട്ട് തന്നെ ശരീരത്തെ ബാധിക്കും. ശുചിത്വം പല രീതിയിൽ ഉണ്ട്. വ്യക്തി ശുചിത്വം പരിസര ശുചിത്വം ഇങ്ങനെ ഒക്കെ. വ്യക്തി ശുചിത്വം വ്യക്തികൾക്ക് പരസ്പരം ഉണ്ടാകേണ്ടത് ആണ്. എന്നാൽ പരിസര ശുചിത്വം പരിസരം ശരിയായ രീതിയിൽ സൂക്ഷിക്കുക എന്നതാണ്.

വ്യക്തി ശുചിത്വം ഇല്ലാത്തത് മൂലം പല അസുഖങ്ങളും വരുന്നു. അതിന് ഉദാഹരണം ആണ് ക്ഷയ രോഗം. എന്നാൽ അരിസര ശുചിത്വം ഇല്ലാത്ത മൂലം അസുഗം പരത്തുന്നത് പ്രധാനമായും കൊതുകാണ്. ഡെങ്കിപ്പനി മലമ്പനി പോലുള്ള അസുഖങ്ങൾ പടരാൻ പരിസര ശുചിത്വം ഇല്ലാത്തത് കാരണം ആകുന്നു.

മൃഗങ്ങളിൽ നിന്നും രോഗങ്ങൾ മനുഷ്യരിലേക്ക് പകരുന്നുണ്ട്. എലി അതിന് ഒരു ഉദാഹരണം ആണ്. ഈ സാഹചര്യങ്ങൾ എല്ലാം ജീവിതത്തിൽ നിന്നും തുടച്ചുമാറ്റേണ്ടത് ഇന്നത്തെ തലമുറയുടെ ഒരു സുപ്രധാന ലക്ഷ്യമാണ്. ഇല്ല എങ്കിൽ മനുഷ്യർക്ക് ആരോഗ്യപരമായ ജീവിതം ഉണ്ടാകില്ല എന്ന തന്നെ പറയാം. മനുഷ്യ രാശിക്ക് ആരോഗ്യം ഇല്ലായ്മ വലിയ പ്രേശ്നമായി മാറും. ആരോഗ്യം നിലനിർത്താനും ആരോഗ്യം നഷ്ടപെടാതിരിക്കാനും മനുഷ്യർ ഒരുപാട് കഠിനാധ്വാനം ചെയ്യേണ്ടി വരും. പുതിയൊരു മാറ്റത്തിനായി എല്ലാവരും പരിശ്രമിക്കുക തന്നെ വേണം. ഈ പരിശ്രമം ഓരോ മനുഷ്യന്റെയും ജീവിതത്തിലെ പുതിയ വഴിത്തിരിവ് ആയിരിക്കും.

ശ്വേത സി എ
9 C



# മരുന്ന്

ആദ്യ രാമകൃഷ്ണൻ
4 A

ഒരു കാട്ടിൽ കിട്ടൻ എന്ന് പേരുള്ള ദുഷ്ടനായ ഒരു കരടിക്കുട്ടനുണ്ടായിരുന്നു. കിട്ടൻ കരടി കാട്ടിലെ എല്ലാ ജീവികളെയും ഉപദ്രവിച്ചു. ഒരു ദിവസം മിട്ടുമുയൽ കാട്ടിലെ മരച്ചുവട്ടിൽ കിടന്നുറങ്ങുകയായിരുന്നു. പെട്ടന്ന് മിട്ടുമുയലിന്റെ ദേഹത്തു എന്തോ വന്നു വീണു. മിട്ടുമുയൽ എണീറ്റ് ചുറ്റുപാടും നോക്കി.



അതാ ..... കിട്ടൻ കരടി ഇരുന്നു ചിരിക്കുന്നു. അവനാണ് കല്ലെറിഞ്ഞത്. മിട്ടുമുയൽ ഒന്നും മിണ്ടാതെ നടന്നു. കുറച്ചു കഴിഞ്ഞപ്പോൾ അതാ ഒരു കരച്ചിൽ കേൾക്കുന്നു.

"രക്ഷിക്കണേ .... രക്ഷിക്കണേ ...." കരച്ചിൽ സ്ഥലത്തേക്ക് മിട്ടുമുയൽ ഓടിച്ചെന്നു നോക്കുമ്പോഴതാ നമ്മുടെ കിട്ടൻ കരടി തേനീച്ചകളുടെ കുത്തുകൊണ്ട് കരയുന്നു.



മിട്ടുവിന് വിഷമമായി. മിട്ടു പറഞ്ഞു, "നീ എന്തിനാണ് തേനീച്ചകളെ ഉപദ്രവിച്ചത്. കാട്ടിലെ എല്ലാ ജീവികളെയും നീ ഉപദ്രവിക്കു ന്നില്ലേ. അതുകൊണ്ടാണ് നിനക്ക് ഇങ്ങനെ ഒരു പണികിട്ടിയത്. പാവം തേനീച്ചകളെ ഉപദ്രവിച്ചിട്ടാണ്. സാരമില്ല നമുക്ക് പരിഹാരമുണ്ടാക്കാം."

ഇങ്ങനെ പറഞ്ഞു മിട്ടുമുയൽ തിരിച്ചുപോയി. എന്നിട്ട് കിട്ടൻ കരടിക്ക് പുരട്ടാനുള്ള മരുന്നുമായി മിട്ടുമുയൽ തിരിച്ചുവന്നു. കിട്ടന്റെ മുഖത്തെല്ലാം പുരട്ടികൊടുത്തു. അങ്ങനെ സന്തോഷവാനായ കിട്ടൻ കരടിക്ക് ഒരു കാര്യം മനസ്സിലായി. ഇനി മുതൽ ഈ കാട്ടിലെ എല്ലാ ജീവികളും എന്റെ സുഹൃത്തുക്കളാണ്. ഞാൻ ആരെയും ഉപദ്രവിക്കുകയില്ല.

# അമ്മ പ്രതിമ

വൈഗ കൃഷ്ണൻ എം.വി
6 C

"എന്നാ ശെരി അമ്മേ , പിന്നെ വിളിക്കാം. കുറച്ചു തിരക്കുണ്ട്." ഇതും പറഞ്ഞു അരുൺ ഫോൺ കട്ട് ചെയ്തു.

വൃദ്ധസദനത്തിലെ ചേച്ചി പാർവതി അമ്മയുടെ കെയ്യിൽ നിന്നും ഫോൺ തിരികെ വാങ്ങി. സദനത്തിന്റെ വരാന്തയിൽ ഇരുന്ന് പാർവ്വതിയമ്മ മകനെ വാത്സല്യത്തോടെ വളർത്തിയിരുന്ന ഭൂതകാലം ഓർത്തെടുത്തു.

ഏകമകൻ അരുണിന് മൂന്ന് വയസ്സുള്ളപ്പോഴേ അവന്റെ അച്ഛൻ മരിച്ചു. പിന്നെ കഥകളിൽ പറയുന്നമാതിരി അവന് അമ്മയായിരുന്നു എല്ലാം. ദാരിദ്ര്യത്തിനിടയിലും അത് അറിയിക്കാതെ പാർവ്വതിയമ്മ മകനെ വളർത്തി. കടം വാങ്ങിയും വീട്ടുവേല ചെയ്തും അവനെ പഠിപ്പിച്ചു. അമ്മയുടെ ശരീരം ചുക്കിച്ചുളിഞ്ഞപ്പോൾ മകന്റേത് പുഷ്ടിപ്പെട്ടു. അരുൺ പഠിക്കാൻ മിടുക്കനായതിനാൽ അവൻ ഐ ടി . പ്രൊഫഷണലുമായി. ആയിടയ്ക്ക് അവന്റെ കല്യാണവും കഴിഞ്ഞു. അമേരിക്കൻ വ്യവസായിയുടെ മകൾ അരുണിന്റെ ഭാര്യയായി. ഇപ്പോൾ അരുണും കുടുംബവും അമേരിക്കയിലാണ്. അങ്ങനെ എട്ട് വർഷമായി അവൻ അമ്മയെ കാണാതെ നിൽക്കുന്നത്. ആദ്യത്തെ രണ്ട് വർഷം വരെ ഇ - മെയിൽ അയക്കാറുണ്ടായിരുന്നു. ഇപ്പോൾ അതും നിർത്തി. ഇടയ്ക്ക് വാട്സാപ്പ് കോളുകൾ വിളിക്കാറുണ്ട്. അരുൺ അമ്മയെ വൃദ്ധസദനത്തിലാക്കിയത് പാർക്കിൽ കൊണ്ട് പോകാം എന്ന് പറഞ്ഞിട്ടാണ്.

അമ്മയെ അമേരിക്കയിൽ കൊണ്ടുപോകാമായിരുന്നു. പക്ഷെ , അമ്മയുടെ ചുമ അവർക്കാർക്കും ഇഷ്ടമല്ല. അവർ കണ്ണീരിന്റെ ലോകത്തു കീഴടങ്ങിപ്പോയി. കുട്ടികൾ എന്ന് പറഞ്ഞാൽ അവർക്ക് ജീവനായിരുന്നു. പക്ഷെ, കുട്ടികളെ നന്നായി കാണാൻ അവർക്ക് സാധിച്ചില്ല.

അങ്ങനെ ഒരു ദിവസം വാട്സാപ്പ് വിഡിയോകോൾ വിളിച്ചപ്പോൾ വൃദ്ധസദനത്തിലെ മറ്റൊരു അമ്മയാണ് ഫോൺ എടുത്തത്. അവർ കണ്ണീരോടെ മരിച്ച നിലയിൽ കാണിച്ചു ഫോൺ കട്ട് ചെയ്തു. ജോലിത്തിരക്ക് കൊണ്ട് ഒരു നോക്ക് അമ്മയെ കാണാൻ സാധിക്കാതെ അരുൺ പെട്ടന്ന് അമ്മയുടെ രൂപമുള്ള പ്രതിമ പണി കഴിപ്പിച്ചു ചിതയ്ക്ക് തീ കൊളുത്തി .

# മഴവില്ല്

അമന്യ സി കെ
4 A



ഏഴ് നിറമുള്ള മഴവില്ലേ
നിന്നെ കാണ്ൻ എന്തു രസം
മഴ വരുമ്പോൾ ഓടി വരും
മഴ പോകുമ്പോൾ മാഞ്ഞു പോകും
മഴയുടെ കാറതു കാണുമ്പോൾ
മഴവില്ലോടി വരുന്നുണ്ടേ
മുറ്റത്തിറഹ്ങി ഞാൻ നോക്കുമ്പോൾ
മഴവില്ല് മാനത്ത് ചിരി ക്കുന്നു
തുള്ളിച്ചാടി കളിച്ചു ഞാൻ
നിന്നെ കാണാൻ എന്തു രസം
നിന്റെ പേരിനെന്തഴക്
നിന്നെ കാണാൻ എന്തു ചേല്
ഇത്ര നിറങ്ങൾ എങ്ങനെ കിട്ടി
ഇത്ര ഉയരത്തിൽ എങ്ങനെയെത്തി
താഴേക്കൊന്നു വരുമോ നീ
സുന്ദരിയായൊരു മഴവില്ലേ
എന്നോടൊത്തു കളിക്കാമോ
മാനം മയക്കും മഴവില്ലേ

# കൂട്ടുകാർ

ശ്രീനന്ദ കെ

അമ്മു ഒരു കൊച്ചുകുട്ടിയാണ്. അവൾക്ക് ആരും തന്നെ കൂട്ടിനുണ്ടായിരുന്നില്ല. അവളുടെ അച്ഛനും അമ്മയും ജോലിത്തിരക്കായതിനാൽ അമ്മുവിനെ കൂടുതൽ കൂടുതൽ നേരം ശ്രദ്ധിക്കാനോ കുറച്ചുനേരമെങ്കിലും അവളോടൊപ്പം സമയം ചില വഴിക്കാനോ കഴിഞ്ഞിരുന്നില്ല.



അവൾ ഒരു ദിവസം വീട്ടുമുറ്റത്തു ഇറങ്ങി നോക്കിയപ്പോൾ ഒരു സുന്ദരിയായ കൊച്ചുപൂമ്പാറ്റ പാറിപ്പറന്ന പൂക്കൾക്ക് മുകളിലായിരുന്ന അതിലെ തേൻ കുടിക്കുന്ന കാഴ്ച വളരെ ഇഷ്ടമായി.

"ഹായ് , നിറങ്ങളുള്ള കൊച്ചുപൂമ്പാറ്റയെ കാണുവാൻ എന്തൊരു ഭംഗിയാണ്", അവൾ പറഞ്ഞു. പൂമ്പാറ്റ പറന്നു പോകുമ്പോൾ അമ്മുവും പൂമ്പാറ്റയുടെ പുറകെ ഓടി. പൂമ്പാറ്റ ഒരു പൂന്തോട്ടത്തിൽ നിന്നു.

"എന്തിനാ പൂമ്പാറ്റേ നീ ഈ പൂന്തോട്ടത്തിൽ നിന്നത്?", അമ്മുക്കുട്ടി ചോദിച്ചു.

"ഇവിടെയാണ് എന്റെ വീട്."

"ആണോ! മനോഹരമായ പൂക്കൾക്കിടയിലാണോ നിന്റെ കൊച്ചുവീട് ഉള്ളത്."

"അതേ ഈ പൂക്കൾക്കിടയിലാണ് എന്റെ വീട്. നിന്റെ പേര് എന്താണ്?" ആ കൊച്ചു പൂമ്പാറ്റ അവളോട് ചോദിച്ചു.

"എന്റെ പേര് അമ്മു എന്നാണ്. നിന്റെ പേരെന്താണ് കൊച്ചുപൂമ്പാറ്റേ?"

"എന്റെ പേര് ചിന്നു പൂമ്പാറ്റ എന്നാണ്. നമുക്ക് രണ്ടുപേർക്കും കൂട്ടുകാരായാലോ?", ചിന്നു പൂമ്പാറ്റ ചോദിച്ചു.

"പിന്നെന്താ എനിക്ക് സമ്മതം. എന്നോടൊപ്പം ആരും തന്നെ കളിക്കാനില്ല. ഞാൻ വീട്ടിൽ ബോറടിച്ചു അങ്ങോട്ടേക്കും ഇങ്ങോട്ടേക്കും നടക്കും. അതുകൊണ്ട് നിന്നോടൊപ്പം കൂട്ടുകൂടാനായി എനിക്ക് സമ്മതമാണ്."

അങ്ങനെ അവർ രണ്ടുപേരും നല്ല കൂട്ടുകാരായി .

# കാട്ടിലെ കൂട്ടം

ദേവദർശൻ എൻ പി

കാട്ടിൽ ആനയും മുയലും മാനും സിംഹവും കടുവയും പുലിയും ചെന്നായയും പരുന്തും തത്തയും കാക്കയും കഴുകനും മഞ്ഞക്കിളിയും കാട്ടുകോഴിയും താറാവും താമസിച്ചിരുന്നു. ആ കാട്ടിൽ രണ്ട് രാജ്യങ്ങളായിരുന്നു. മൃഗരാജ്യവും പക്ഷിരാജ്യവും. മൃഗരാജ്യത്തിന്റെ രാജാവ് സിംഹവും പക്ഷിരാജ്യത്തിന്റെ രാജാവ് പരുന്തുമായിരുന്നു.

ഒരു ദിവസം രണ്ടുരാജ്യങ്ങളും തമ്മിൽ യുദ്ധം ആരംഭിച്ചു. മന്ത്രിപ്പുലി കുഴൽവിളിച്ചു. മന്ത്രികഴുകനും കുഴൽ വിളിച്ചു. മൃഗരാജ്യത്തിന്റെ പടത്തലവൻ കടുവയും പക്ഷിരാജ്യത്തിന്റെ പടത്തലവൻ കാക്കയും തന്റെ സെയ്ന്യത്തെ മുന്നോട്ടുനയിച്ചു. ഒരു വിപ്ലവം പൊട്ടിപ്പടർന്നു. മയിൽ പക്ഷിരാജ്യത്തെയും കുറുക്കൻ മൃഗരാജ്യത്തെയും തടഞ്ഞു. അവർ പറഞ്ഞു :

" നിൽക്കു കൂട്ടുകാരേ .... മനുഷ്യൻ നാം യുദ്ധം ചെയ്യുമ്പോൾ കാട് പിടിച്ചടക്കാൻ തക്കം പാർത്തു നിൽപ്പുണ്ട്."

അതുകേട്ട് രണ്ടുരാജ്യങ്ങളും അവരവരുടെ തെറ്റ് തിരിച്ചറിഞ്ഞു. പിന്നെ അവർ യുദ്ധം ചെയ്തതേ ഇല്ല. ഒരൊറ്റ രാജ്യം ; കാട്ടിലെ കൂട്ടം.



# തുരുത്ത്

സുജാത ഇ
അധ്യാപിക

സ്വയം ഒറ്റയെങ്കിലും
തുരുത്തു ഒരാശ്രയമാണ്
പ്രതീക്ഷയാണ്
ഏതു നിമിഷവും
പ്രണയം നിറച്ചു ഒരു പ്രളയം
തുരുത്തിനെ വാരിപ്പുണരും
ചുംബനങ്ങളുടെ ആലസ്യത്തിൽ
മയങ്ങിയുണരുമ്പോൾ
നഷ്ടങ്ങൾ മാത്രമാവും
പുതുമണ്ണിൽ വിതച്ച വിശ്വാസങ്ങളിൽ
അപകർഷതകൾ
കളകളായി മുളച്ചു വന്നേക്കും
മുഖം നഷ്ടപ്പെടാതിരിക്കാൻ
വേരോടെ
പിഴുതു കളയണം
കാതലുള്ളവ കരുതലോടെ
മിനുക്കിയെടുക്കണം
പോറൽ വീണാൽ
എവിടെ തട്ടിയാലും
മുറിയും
തുരുത്തിലേക്കെത്തിയവർ
തിരിച്ചു പോകും
ആത്മഹർഷങ്ങൾ നൽകി
പറഞ്ഞയക്കുക  അവർ വരും
നിന്നിൽ അഭയം തിരഞ്ഞു
നീ എന്നും തുരുത്തായിരിക്കുക
പ്രളയത്തിലും
നീ തേടുന്നത്
പ്രണയമെന്നിരിക്കെ
എത്താതിരിക്കില്ല പ്രളയം
ആലിംഗനത്തിൽ
മരിക്കാതിരിക്കുക.

ദേവിക പി
5 A



# കത്തി എരിഞ്ഞ വേരുകൾ

അതുല്യ പി പി
8 C

പൊതുവെ ഉള്ളത് പോലെ അല്ല രഘു ഇന്ന് എണീറ്റത്, കുറച്ചു നേരത്തെ യാണ്. അവൻ എണീറ്റ് പുറത്തു ഇറങ്ങിയപ്പോഴേക്കും കണ്ടത് തന്റെ അച്ഛൻ കൃഷിയിടം ചുറ്റി നടക്കുന്നതാണ്. രഘു നടക്കാൻ ആരംഭിച്ചു.

"എന്താ മഴ അല്ലെ".

"ശെരിയാ മോനെ. ഇന്ന് എന്തെ നേരത്തെ? ഇത് പതിവുള്ളതല്ലല്ലോ?"

"ഹാ, അച്ഛനും ഈ വെറുതെയുള്ള നടത്തം പതിവുള്ളതല്ലല്ലോ?"

"വേനൽ കാലത്തെ ഇപ്രാവിശ്യം എങ്ങനെയൊക്കെയോ അതിജീവിച്ചു. ഈ വർഷം നമുക്കതിനു സാധിക്കുമോ? മഴക്കാലമാണ് എന്നു പറഞ്ഞിട്ട് ആകെ പെയ്യുന്നത് ഇതുപോലെ രാവിലെ ഒരു ചാറ്റൽ മഴയാണ് നമ്മുടെ ജീവിതത്തെ പിടിച്ചുനിർത്തുന്ന വേരുകളല്ലേ ഇത്. കൃഷിയാണ് നമ്മുടെ അന്നം. അതില്ലെങ്കിൽ ,മരണം മാത്രം ആണ് മുന്നിലുള്ളത്."

"അച്ഛാ .......എന്തൊക്കെയാ പറയുന്നേ?"

മഴ ചാറി പോയി. മഞ്ഞു മണ്ണിനെ കുളിർപ്പിച്ചു കടന്നു പോയി. പിന്നെ എത്തിയത് സൂര്യന്റെ തീക്കനൽ. ചെടികൾ വാടാൻ തുടങ്ങി. കർഷകർ ദുരിതത്തിലായി. രഘുവിന്റെ വീട്ടിൽ ആകെ ആശങ്കയായി.

"അച്ഛാ......ദേ നോക്കിയേ ഒരു വാഴ ഒടിഞ്ഞു. അച്ഛന് പകരം ഓടിയെത്തിയത് അമ്മയായിരുന്നു. എന്റെ ഈശ്വരാ....ആ വാഴ മൂത്തിനും കൂടിയില്ല. ശോ ഇങ്ങനെ പോയാൽ എന്ത് ചെയ്യും."

അമ്മയുടെ നിലവിളി കേട്ട് അച്ഛനോടിയെത്തി.

"നീ വിഷമിക്കാതെന്റെ രേണു."

പുറത്തു സമാധാനത്തിലാണ് എങ്കിലും ഉള്ളിൽ തീയാണ്. അത് രഘുവിനു നന്നായി മനസ്സിലായി.

"അയ്യോ, രാഘവേട്ടാ, അരി തീർന്നു. അരി വാങ്ങണേ വരുമ്പോൾ ......"

നിസഹായതയോടെ അദ്ദേഹം ശബ്ദം താഴ്ത്തി "ശെരി" പറഞ്ഞു. അപ്പോഴേ രേണു ഉറപ്പിച്ചു. 'ഇന്ന് രാത്രി എന്റെ കുട്ടി വെറും വയറോടെ കിടക്കണം.'

അവരുടെ ജീവിതത്തിൽ വേരുകളുടെ ബലം കുറഞ്ഞ കൊണ്ടേ ഇരുന്നു. പിറ്റേന്ന് രാവിലെ ആകെ ബഹളമയം. ശബ്ദം കേട്ട് പുറത്തിറങ്ങിയ രഘു കണ്ടത്, അച്ഛനെ രണ്ടു പേര് ചേർന്ന് തല്ലുന്നതാണ്. രഘുവിന്റെ മനസ്സ് തകർന്നു പോയി. അമ്മ അവനോട് അകത്തു പോവാൻ  പറഞ്ഞു. അവൻ അത് കേൾക്കാത്ത ഭാവത്തിൽ നിന്നു. അവന്റെ ചെവിയിൽ അവരുടെ ശബ്ദം പ്രതിധ്വനിച്ചു.

"നീ പൈസ തരില്ലെടാ........"

"അയ്യോ എന്നോട് ക്ഷമിക്കണേ..... വെള്ളമില്ല കൃഷി ചെയ്യാൻ, നില മെല്ലാം വറ്റി വരണ്ടു നിൽക്കുന്നു. എന്റെ കുട്ടിക്ക് നേരത്തിന് ആഹാരം ഉണ്ടാക്കി കൊടു ക്കാൻ പോലും കാശില്ല. ഞാൻ ഉടനെ അടച്ചോളാം."

അവരുടെ ഈ സംഭാഷണത്തിൽ നിന്ന് അവൻ കാര്യം മനസ്സ്സിലായി. അവർ പോയതിന് ശേഷവും അച്ഛന് അവന്റെ മുഖത്ത് നോക്കാൻ മടിയായി. അവൻ പോയി. അച്ഛനെ കെട്ടിപ്പിപ്പിടിച്ചു.

അച്ഛൻ പറഞ്ഞു; "മോൻ വിഷമിക്കേണ്ട..... ഇത് ഒരു കളിയല്ലേ."
ഇത് കേട്ടപ്പോൾ അവൻ അച്ഛനോട് ദേഷ്യമാണ് തോന്നിയത്.

പിറ്റേ ദിവസം രാവിലെ രഘു കുറച്ചു സമയം വൈകിയാണ് എണീറ്റത്. അ വൻ അച്ഛനെ അന്വേഷിച്ചു. പറമ്പിലേക്ക്ക് ഇറങ്ങി. പെട്ടെന്ന് പറമ്പിൽ നിന്ന് ഒരു അലർച്ച.

"അച്ഛാ............"
അമ്മയോടിയെത്തി. അവരുടെ കുടുംബത്തിന്റെ നെടും തൂണ് ശ്വാസം അറ്റ് കിടക്കുന്നു.

ദേഷ്യം വന്ന അമ്മ കത്തിയാൾ കൊണ്ടുവന്നു വാഴകളും, ചെടികളുമെല്ലാം വെട്ടി നുറുക്കി. അവരുടെ ജീവിതത്തിന്റെ അർഥം നഷ്ടമായത് പോലെ അവർക്ക് തോ ന്നി. പക്ഷെ അവരുടെ മനസ്സിൽ ആഴ്ന്നിറങ്ങിയ മറ്റൊരു വേരാണ്  അദ്ദേഹം. അദ്ദേ ഹത്തെ അവരുടെ മനസ്സിൽ നിന്നും പറിച്ചു മാറ്റാൻ സാധിക്കില്ല എന്നത് സത്യം. ഇത്ര യും ഒക്കെ സംഭവിച്ചിട്ടും, ആ വേര് നമ്മളെ താങ്ങുന്നുണ്ട് എന്ന വിശ്വാസത്തിൽ അവ ർ അവരുടെ ജീവിതം മുന്നോട്ട് നീക്കുന്നു. ജീവിതത്തിലെ വേരുകൾക്ക് പല അർത്ഥങ്ങ ളും ഉണ്ട്. മൂല്യങ്ങൾ, ബന്ധങ്ങൾ, സമ്പത്ത്, കൂട്ടുകാർ.

ചിലയാളുകൾ ഇതിൽ പലവേരുകളും സ്വീകരിക്കയും. ഏതൊക്കെ സ്വീക രിച്ചാലും ഇതൊന്നും നഷ്ടപെടാതിരിക്കാൻ ശ്രമിക്കുക


# അറിഞ്ഞിടൂ ലോകത്തെ,
# തുറന്നു വെയ്ക്കു ജാലകങ്ങൾ

ഗൗരിനന്ദ ജി
7 C

മാനത്തെ മാരിവില്ലും
മധുനുകരും  മാമ്പഴവും
മിഴിനിറയെ കാണുവാനായി
മറയ്ക്കാതെ ജാലകങ്ങൾ
കുളിരേകാൻ തഴുകിയെത്തും
കാറ്റ് കൊള്ളാൻ, കഥപറയാൻ
കിനാവുകൾ പങ്കുവെയ്ക്കാൻ
കാഴ്ച്ചകൾ കാണാൻ
തുറന്നു വെയ്ക്കു ജാലകങ്ങൾ
തിന്മമാറാൻ നന്മ അറിയാൻ
തിങ്കളെ കണ്ടുനിൽക്കാൻ
തുറന്നു വെയ്ക്കു ജാലകങ്ങൾ
പാടത്തെ പച്ചയെവിടെ
പാടുന്ന കിളികളെവിടെ
പ്രകൃതിതൻ ഭംഗി എവിടെ
പറയാനായി അറിയാനായി
തുറന്നു വെയ്ക്കു ജാലകങ്ങൾ

ചെമ്പരത്തിതൻ നിറമറിയാൻ
ചിമ്മിചിമ്മി നിൽക്കും
കണ്ണുകൾഎണ്ണാൻ
ചെത്തിപ്പൂവിൻ ഇതളുകൾഅറിയാൻ
ചാരിടാതെ ജാലകങ്ങൾ
വാനത്തെ തൊട്ടറിയാൻ
വാതിൽക്കൽ നിന്നിടാതെ
വിരലാലെ ലോകം തൊടാൻ
തുറന്നു വയ്ക്കു ജാലകങ്ങൾ
അറിയാതെ അറിഞ്ഞിടാനും
ആലോചിച്ചിടാനും
തുറന്നു വയ്ക്കു ജാലകങ്ങൾ
അറിഞ്ഞിടു  ലോകത്തെ





# മുത്തശ്ശി

നിഹ കെ വി
5 A

ഒരു മുത്തശ്ശി. അവർക്ക് മൂന്ന് മക്കൾ. ആ മക്കൾക്ക് മുത്തശ്ശിയെ ഇഷ്ട്ടമായിരുന്നില്ല. എന്തായാലും മുത്തശ്ശി എപ്പോഴും അവരുടെ വീട്ടിൽ പോകും. പക്ഷെ അവർ തിരിഞ്ഞു നോക്കാറില്ല. അവരുടെ മക്കൾക്ക് മുത്തശ്ശിയെ നല്ല ഇഷ്ട്ടമാണ്. എപ്പോഴും കുട്ടികൾക്ക് പഴങ്ങൾ കൊണ്ടുക്കൊടുക്കും. പക്ഷെ മുത്തശ്ശിയുടെ മകൾ അത് കഴിക്കാൻ അനുവദിക്കില്ല. എന്നാലും ആ കുട്ടികൾ കഴിക്കാൻ ശ്രമിക്കും. ഒരു ദിവസം അവരുടെ വീട്ടിൽ പുലി വന്നു. അപ്പോൾ അവർക്കു എന്തു ചെയ്യണമെന്ന് അറിയില്ലായിരുന്നു. മുത്തശ്ശി വന്നു അതിനെ ഓടിച്ചു വിട്ടു. അപ്പോൾ അവർക് മനസിലായി. മുത്തശ്ശിക്ക് അവരോട് സ്നേഹം ഉണ്ടെന്നു. അവർ മുത്തശ്ശിയെ അവരുടെ വീട്ടിലെക്ക് കൊണ്ടുപോയി.

# ചിഞ്ചുവിന്റെ പിണക്കം

ചിഞ്ചു നാലാം ക്ലാസ്സിൽ പഠിക്കുന്ന ഒരു പെൺകുട്ടിയാണ് അവൾക്കു ഒരുപാട് കൂട്ടുകാരുണ്ട് . പക്ഷെ അവൾ ഇപ്പോഴും സ്കൂൾ വിട്ടു വരുന്നത് കൂട്ടുകാരുമായുള്ള ഓരോ പ്രശ്നങ്ങൾ കൊണ്ടായിരിക്കും. ഒരു ദിവസം അവളുടെ പിറന്നാളിന്റന്നു അവൾ പുതിയ ഉടുപ്പും കമ്മലും മാലയും ധരിച്ചു സ്കൂളിൽ എത്തി. അവളുടെ കൂട്ടുകാരെല്ലാം അതിന്റെ ചന്തം കണ്ടു മാലയും കമ്മലും എനിക്ക് തരുമോ കുറച്ചുനേരം എന്ന് ചോദിച്ചു. ചിഞ്ചുവിന് ഇത് തീരെ ഇഷ്ടപ്പെട്ടില്ല. അന്നത്തെ ദിവസം അവളുടെ പിണക്കത്തിന് കാരണം അതായിരുന്നു. സ്കൂൾ വിട്ടു അവൾ വീട്ടിലേക്കു വരാനിരിക്കുമ്പോൾ നാലഞ്ച് പട്ടികൾ അവളുടെ പിന്നാലെ വന്നു അവൾ കരഞ്ഞുകൊണ്ട് ഓടാൻ തുടങ്ങി ഇത് കണ്ട അവളുടെ കൂട്ടുകാർ കല്ലും വടിയും കൊണ്ട് പട്ടികളെ ഓടിച്ചു. എന്നിട്ട് എല്ലാ കൂട്ടുകാരും ചിഞ്ചുവിനെ കെട്ടിപ്പിടിക്കുകയും സമാധാനിപ്പിക്കു കയും ചെയ്തു. പിന്നെ അവൾ ഒരിയ്ക്കലും കൂട്ടുകാരോട് പിണങ്ങിയില്ല.

# പരസ്പര സഹായം

ആദിശ് എൻ പി

കാട്ടിൽ പാമ്പും ജീവികളും ജീവിച്ചിരുന്നു. സന്തോഷത്തോടെ ജീവിച്ചു. കിളികൾക്ക് ആ മരത്തിൽ താമസിക്കാൻ ഭയമായിരുന്നു. പാമ്പ് എപ്പോഴും ഒരു പക്ഷിയെ ഭക്ഷിക്കാറുണ്ട്. ഒരു ദിവസം പാമ്പ് നോക്കുമ്പോൾ ഒരു പക്ഷിയെപ്പോലും മരത്തിൽ കണ്ടില്ല. പക്ഷികളെ കാണാതെ അവൻ മാളത്തിലേക്ക് തിരികെപോയി. പക്ഷികൾ ദൂരെയുള്ള മരത്തിലേക്ക് പാറിപോയിരുന്നു. ആ മരത്തിലേക്ക് അവൻ ഒരിക്കലും വരില്ലെന്ന് വിശ്വസിച്ചു. പക്ഷെ നടന്നത് തിരിച്ചായിരുന്നു. അവിടെയും അവൻ എത്തി. എല്ലാ പക്ഷികളെയും അവൻ ഭക്ഷിച്ചു. ഒരു പക്ഷി മാത്രം രക്ഷപെട്ടു. ഈ പാമ്പ് എവിടെ താമസിക്കുമെന്ന് മിട്ടു ചിന്തിച്ചു. അവിടെ ഒരു വലിയ മാളമുണ്ടായിരുന്നു. അവൻ മാളത്തിന്റെ ഉള്ളിലേക്ക് പോയി. അതൊരു കീരിയുടെ മാളമായിരുന്നു. പാമ്പ് പേടിച്ചു മാളത്തിൽ നിന്ന് പുറത്തേക്കോടി. അവന്റെ പിറകെ കീരിയും ഓടി. മിട്ടു അത് ദൂരെ നിന്നും കാണുന്നുണ്ടായിരുന്നു. മിട്ടു അവന്റെ കൂട്ടുകാരെയെല്ലാം വിളിച്ചു. എല്ലാവരും കൂടി കീരിയുടെ തലയിൽ കൊത്തുകൊടുത്തു. കീരി അവിടെനിന്നു മാളത്തിലേക്ക് ഓടി. പാമ്പ് കിളികളോട് നന്ദി പറഞ്ഞു. ഇനി ഞാൻ നിങ്ങളുടെ കൂട്ടത്തിൽ നിന്ന് ഒരാളെപ്പോലും ഭക്ഷിക്കില്ല എന്നു പറഞ്ഞു അവൻ അവിടെ നിന്നും പോയി.

* കൂട്ടുകാരേ ,ശത്രുക്കളായാലും ആപത്തിൽ അകപ്പെട്ടാൽ നാം അവനെ സഹായിക്കണം * .

# നിഴൽ ചക്രങ്ങൾ

ശോഭ കാർത്ത്യ
അദ്ധ്യാപിക

അഴിയിട്ട ജനലുകൾക്കപ്പുറം രാപ്പൂവ്
മിന്നും നിലാവൊളി കാത്തിരുന്നു.
നിൻ മിഴിച്ചില്ലയിൽ നനവുള്ളൊരോർമ്മയായ് -
കുഞ്ഞു കിനാവ് പൂത്തിരുന്നു
ഇരുൾ മലയ്ക്കപ്പുറം കൂട്ടുകാരി പൂക്കൾ
ഇതൾകോതി ചിരിയാർന്നുകേറിടുമ്പോൾ
കുളിർക്കില്ല നെയ്യുമീ നൂൽമഴ ചാറ്റലിൽ
വിരൽ തൊട്ടകമേറെ തണുത്തിരുന്നു.
വെള്ളിലത്തോഴി കളിയ്ക്കാൻ വിളിക്കവേ
ചക്രകസേര തടഞ്ഞുനിന്നു.
എപ്പോഴോ ചാലിട്ട മഞ്ചാടിച്ചോപ്പിതൾ
കാലിടചുറ്റി പടർന്ന നേരം.
കാൽവണ്ണ നോക്കി കടിച്ചതിൻ നീറ്റലിൽ -
തഴുകുവാനെത്തിയില്ലൊരു കാറ്റുപോലും.
ഇല്ലാത്ത കാലുകൾ പടിമേലെ വച്ചു ഞാൻ
ചക്ര കസേര പിടിച്ചിരുന്നു.
അകരാവിൽ  മാനത്ത് പൂവിട്ട പ്രണയത്തെ
നോവിൻ മറ ചേർത്തൊതുക്കി വച്ചു
കിളികൾ പറന്നുപേക്ഷിച്ചൊരാ ആകാശം
തേടി നടന്നമ്മ പോയി മുന്നേ
നീ കണ്ണീർ തണുപ്പിൻ പുഴക്കരെ
ഒറ്റയ്ക്കൊരാളെയും കാത്തുനിന്നു.
പഞ്ഞി മേഘങ്ങളോടൊപ്പമൊരു നിഴൽ
വീടിറയത്തന്നു ബാക്കിയായി
നാട്ടിടവഴി തേടിയൊരു
ചക്ര കസേരയിൽ കുട്ടിരിക്കെ
വിരിവാന നിറവതിനാഴത്തിൽ നിന്നുമൊരു -
തേങ്ങൽക്കിളി വന്നെന്നു കാത്തിരുന്നു

# രക്ഷകർ

ശ്രീദർശ് പി

കൂട്ടുകാരായ ആമയും, എലിയും, കാക്കയും സംസാരിച്ചു കൊണ്ടിരിക്കു മ്പോൾ പെട്ടന്ന് ഒരു മാൻവന്നു. ആ മാൻ ചോദിച്ചു:


"എന്നെയും നിങ്ങളുടെ കൂട്ടുകാരനാക്കാമോ?"

"അതിനെന്താ"

അവർ മാനിനെ കൂട്ടുകാരനാക്കി. എന്നിട്ട് അവർ പിരിഞ്ഞു.

അടുത്ത ദിവസം കൂട്ടുകാർ വന്നപ്പോൾ മാൻ വന്നില്ല. കാക്ക അന്വേഷിക്കാൻ പോയി. പാവം മാൻ വേട്ടക്കാരന്റെ വലയിൽ പെട്ടിരിക്കുന്നു. കാക്ക കൂട്ടുകാരോട് വിവരം അറിയിക്കാൻ പോയി. അങ്ങനെ കൂട്ടുകാർ മാനിനെ രക്ഷിക്കാൻ പോയി. മാനിനെ രക്ഷിച്ചു പുറത്തിറക്കി. പിന്നെ വേട്ടക്കാരൻ വന്നു. എല്ലാ കൂട്ടുകാരും ഓടി. ആമക്ക് പതുക്കെ പതുക്കെ മാത്രമേ ഓടാൻ കഴിയൂ. അതുകൊണ്ട് വേട്ടക്കാരൻ ആമയെ കൊണ്ടുപോയി. പിന്നെ കൂട്ടുകാർ ആമയെ രക്ഷിക്കാനുള്ള തന്ത്രം ആലോചിച്ചു.

ഒരുപായം കിട്ടി. വേട്ടക്കാരൻ വരുന്ന തക്കം നോക്കി ആരംഭിച്ചു. മാൻ മരിച്ച പോലെ അഭിനയിച്ചപ്പോൾ വേട്ടക്കാരൻ ആമയെ വിട്ടു മാനിന്റെ അടുത്തേക്ക് പോയപ്പോൾ മാൻ ഓടിക്കളഞ്ഞു. ആ വേട്ട ക്കാരൻ തിരിഞ്ഞുനോക്കിയപ്പോൾ ആമ യെ കണ്ടില്ല. ആമയെയും രക്ഷിച്ചുകൊണ്ട് കൂട്ടുകാർ കാട്ടിലേക്ക് മടങ്ങി. അവർ സുഖമായി കട്ടിൽ ജീവിച്ചു.



# ബാഹ്യകാഴ്ച്ച

ശിവ ഇ

ഒരു കുഞ്ഞു ചുണ്ടെലി തന്റെ അമ്മയോട് പറഞ്ഞു,

"അമ്മേ ഞാൻ പുറത്തൊക്കെ സഞ്ചരിച്ചു വേഗം വരാം."

"ശരി കുഞ്ഞേ, പക്ഷേ സൂക്ഷിക്കണം."

കുഞ്ഞെലി പതിയെ നടക്കാൻ തുടങ്ങി. വഴിയിൽ വച്ചു അവരൊരു സുന്ദരിയായ പൂവൻ കോഴിയെ കണ്ടു. മുൻപൊരിക്കലും ഒരു പൂവൻ കോഴിയെ കണ്ടിട്ടില്ല.

ചുണ്ടെലി കോഴിയുടെ ചുണ്ടും നിറമുള്ള തൂവലുകളും തലയിലെ പൂവും കണ്ട് ഭയപെട്ടുപോയി. 'എന്തൊരു ഭയപ്പെടുത്തുന്ന ജീവി' എന്നു ചിന്തിച്ചുകൊണ്ട് അവൻ ഓടിപോയി. ആ ഓട്ടത്തിനിടയിൽ അവൻ ഒരു തടിച്ചുകൊഴുത്ത പൂച്ചയെ കണ്ടു. കുഞ്ഞെലി ചിന്തിച്ചു. 'എന്തൊരു പാവം ജീവി. എത്ര മിനിസമുള്ള രോമം. എത്ര ഭംഗിയുള്ള കണ്ണുകൾ.'

അന്ന് വീട്ടിൽ എത്തിയ ചുണ്ടെലി അമ്മയോട് തൻ കണ്ട കാഴ്ചകൾ വിവരിച്ചു. അപ്പോൾ അമ്മ പറഞ്ഞു.

"പൂവൻ കോഴി യാഥാർത്ഥത്തിൽ ആരെയും ഉപദ്രവിക്കാറില്ല. പക്ഷെ ഭംഗിയുള്ള പാവം എന്നുതോന്നിക്കുന്ന പൂച്ച നമ്മുടെ ശത്രുവാണ്. ബാഹ്യകാഴ്ച്ചകൾ ഒരിക്കലും യഥാർത്ഥമല്ല."

# ജലം

നന്ദ ഉണ്ണിക്കൃഷ്ണൻ
9 B

മരുഭൂമിയിലൂടെ നടക്കുന്നത് പോലെ തോന്നി അയാൾക്ക്. ഒരു തുള്ളി വെള്ളംപോലും ഇല്ല. എവിടെയെല്ലാം താൻ അലഞ്ഞു. ഒരു മനുഷ്യനെയും കണ്ടില്ല. പക്ഷികൾ വാടിത്തളർന്നു ഉണങ്ങിത്തീർന്ന മാവിലിരിന്നു. അവിടവിടെയെല്ലാം തോലും ആയ കുറച്ചു മിണ്ടാപ്രാണികൾ. തന്റെ അതെ അവസ്ഥായിലൂടെ അവരും കടന്നുപോകുന്നത് അവൻ തിരിച്ചറിഞ്ഞ്. തൊണ്ട പൊട്ടുന്നതായി അയാൾക് തോന്നി. വിണ്ടുപൊട്ടിയ മണ്ണ് അയാൾ തൊട്ടു നക്കി. മഴ പെയിതിട്ടു മാസങ്ങളായി. കയ്യിൽ എന്തോ തടഞ്ഞു. 'വെള്ളം ,വെള്ളം' അയാൾ ആത്മഗതം ചെയ്യ്തു. പക്ഷെ അതൊരു വിത്തായിരുന്നു. അപരിചിതമായ ഒരു വിത്ത്. അതിനുള്ളിൽ ഒരു കാട് ഉറങ്ങികിടക്കുന്നത് അയാളറിഞ്ഞു. അയാൾ നടന്നൊരു ഉണങ്ങിയ മരത്തണലിൽ അതിനെ കുഴിച്ചിട്ടു. "വെള്ളമൊഴിക്കണം, വെള്ളമൊഴിക്കണം" അയാൾ പിറുപിറുത്തു. നടന്നലഞ്ഞു പാറക്കൂട്ടങ്ങൾക്കിടയിൽ അയാൾ വീണു. ചുണ്ടിൽ നനവ് പറ്റിയതറിഞ്ഞു എഴുന്നേറ്റപ്പോൾ ഒരു കുരുവി പറയിടുക്കിലെ ഉറവയിൽ നിന്ന് വെള്ളം ചിതറിക്കുന്നു. കൈകുമ്പിളിൽ എടുക്കാവുന്നത്ര എടുത്തു ഓടി വിത്തിനടുത്തെത്തി. അതിനു ആ ജലം പകർന്നു. ചെടി മുളച്ചു. അയാൾ പതുക്കെ അതിനെ തൊട്ടു. അതിന്റെ വേരുകൾ നാനാഭാഗത്തേക്കും പടർന്നു. ചുറ്റും കുഞ്ഞുകുഞ്ഞു ചെടികൾ വളർന്നു പന്തലിച്ചു. അരുവികൾ വന്നു. മരുഭൂമി കാടായി മാറി.

# മുഖംമൂടികൾ

കൃഷ്ണ പി ബി
8 C

വെള്ളയണിഞ്ഞ കുറേ മുഖംമൂടികൾ
നൽകി ദരിദ്രർക്ക് തല ചായ്ക്കാൻ ഒരിടം
വിശപ്പകറ്റാൻ ആഹാരവും
വികസനം കൊണ്ടുവന്നു
കാടിന്റെ മക്കളുടെ അരികിലും
മണ്ണുറഞ്ഞ പാതകൾ ആക്കി
ഇപ്പോൾ ടാറിട്ട റോഡുകൾ
അറുത്തുമാറ്റി വൃക്ഷങ്ങളുടെ
കൈയും കാലുകളും
നികത്തി പച്ച വിരിച്ച പാടങ്ങൾ
ആ സ്ഥാനത്ത് ഉയർത്തി അംബരചുംബികൾ
പലതരം പലവിധം കെട്ടിടങ്ങൾ
ഇത് കണ്ട് ആഹ്ലാദിച്ച അന്ധന്മാർ നാട്ടുകാർ
തൂവലൊതുക്കിയിരിക്കുന്ന വെള്ളരിപ്രാവും
പറന്നുപോയ് ഇതുകണ്ട നേരം
കൈതവം മൊഴിഞ്ഞ് വശീകരിച്ച അവര
തിരിഞ്ഞു നോക്കിയില്ല വിരലിന് രേഖ നൽകിയ ശേഷം
നൽകിയ ഉപകാരങ്ങളൊന്നും തന്നെ
സഹായഹസ്തങ്ങൾ അല്ലെന്നറിഞ്ഞ നേരം
ആർപ്പുവിളികൾ ആർത്തസ്വരമായി
ആനന്ദിച്ച നിമിഷങ്ങൾ ആടൽക്കടലായി
നൽകിയതെല്ലാം ഔദാര്യമായിരുന്നു, വെറും ഭിക്ഷ
ധരിച്ചിരുന്ന വെണ്മയാർന്ന വസ്ത്രത്തിനുള്ളിലെ
കറുത്ത ക്രൂരമാം ഹൃദയത്തെ കണ്ടില്ല
അന്ധരാം പാവം നാട്ടുകാർ
ഓർക്കുവിൻ നീ കെട്ടിയാടിയ കപടനാടകങ്ങൾ
ഓർക്കുവിൻ നീ നൽകിയ വാഗ്ദാനങ്ങളും
അഴിക്കുവിൻ ഇനിയെങ്കിലും നിൻ മുഖംമൂടികൾ
അറിയുവിൻ അതിനുള്ളിലെ കൊടൂരമാം പിശാചിനേയും

# തേൻമിഠായി

അഫ്രീ
9 B

ഓഫീസിലെ തലവേദനയ്ക്ക് ശേഷം വൈകിയാണ് വീട്ടിലേക്കു പുറപ്പെട്ടത്. സൂര്യൻ ഇരുട്ടിൽ വീഴും മുൻപ് വീട്ടിലെത്തണം. അങ്ങാടി തെരുവിലെ ആളൊഴിഞ്ഞ റോഡിലൂടെ ഞാൻ നീട്ടി നടന്നു. എല്ലാവരും തിരക്കിട്ട് പായുകയാണ്. കണ്ണുകളെ കയ്യിലെ ഫോണുകളിൽ ചങ്ങലയ്ക്കിട്ട പോലെയാണ് എല്ലാവരുടെയും മുഖം. ചിരിക്കാൻ പോലുമുള്ള സമയം ആർക്കും തന്നെയില്ല. ഈ പറയുന്ന എനിക്കും അങ്ങിനെ തന്നെ ഫോണിൽ നിന്ന് തലപൊക്കി വഴിയരികിലെ കടകൾ എണ്ണിക്കൊണ്ടിരിക്കെ ചുറ്റും ഒന്ന് വെറുതെ കണ്ണോടിച്ചു. അതാ അങ്ങ് ദൂരെ ഒരു മിഠായിക്കട, അതിന്റെ മുന്നിൽ ഒരു ഇളം പൈതൽ ഒരു ചില്ലു ഭരണിയെ നോട്ടമിട്ടിരിക്കുന്നു, ദേവൻ. നടത്തത്തെ പാതി വഴിയിൽ ഉപേക്ഷിച്ചു ഞാൻ അവിടെനിന്നു. അവന്റെ വസ്ത്രവും ഭാവവും കണ്ടപ്പോൾ തന്നെ അവന്റെ പ്രശ്നം എന്താണെനിക്കെന്നു മനസ്സിലായി ഞാൻ കുറച്ചുകൂടി ശ്രദ്ധയോടെ അവനെ വീക്ഷിച്ചു. അവന്റെ കയ്യിൽ ഒരു ക്ലാവ് പിടിച്ച രണ്ടു രൂപ നാണയം ആ മിഠായിക്ക് അത് തികയില്ല. അത് അവനറിയുമായിരിക്കാം എങ്കിലും തനിക്കു അതെ എങ്ങിനെയെങ്കിലും കിട്ടുമെന്ന് പ്രതീക്ഷയിൽ അവൻ ഇരിക്കുന്നതാണെന്നെനിക്കു തോന്നി. കടക്കാരൻ അവനിൽ നിന്ന് മുഖം മനഃപൂർവം മറച്ചു പിടിക്കുന്നു. സ്വാർഥരുടെ ഈ ലോകത്തിൽ ഒരു രൂപയ്ക്കു പോലും ഇളവ് നല്കാത്തവർക്കിടയിൽ അവന്റെ കഷ്ടപ്പാടിനും നിസ്സഹായതയ്ക്കും യാതൊരു സ്ഥാനവും ഇല്ലെന്നു അവനറിയില്ലല്ലോ. ആ തെരുവിൽ അങ്ങിനെ ഒരു വിശപ്പ് ബാക്കിയിരിക്കെ ചുറ്റും ഉള്ളവർ വയറു നിറച്ചു കടന്നുപോയി. അപ്പോഴും അവൻ അവിടെ തന്നെ ഇരിക്കുന്നു.

ഞാൻ കടയിലേക്ക് നടന്നു. ചില്ലുഭരണിയിലേക്ക് കൈകൾ ആഴ്ന്നിറങ്ങി. കൃഷ്ണമണി വലുപ്പത്തിൽ മധുരമൂറുന്ന രണ്ടു തേൻ മിഠായി. അത് പണം കൊടുത്തു വാങ്ങിയശഷം ഞാൻ അത് അവന്റെ കയ്യിൽ വച്ച് കൊടുത്തു. നിറഞ്ഞ കണ്ണുകളോടെ അവനെന്നെ നോക്കി ക്ലാവ് പിടിച്ച ആ രണ്ടു രൂപ അവനെനിക്ക് തന്നു. വേണ്ടെന്നു പറഞ്ഞെങ്കിലും അവനത് കേട്ടില്ല. കണ്ണിമ വെട്ടാതെ അവനെന്നെ കുറേനേരം നോക്കി നിന്നു. അവന്റെ കണ്ണുകൾക്ക് ദൈവത്തെ കണ്ട പുണ്യം ലഭിച്ചുവത്രെ. ഒരു ചെറുപുഞ്ചിരി നന്ദിവാക്കെന്നപോലെ അവനെനിക്ക് തന്നു. ഒടുവിൽ അതെന്റെ മനസ്സിൽ തറച്ചു വച്ച് അവനെങ്ങോട്ടേക്കോ ഓടിമറഞ്ഞു. ഒന്ന് നിവർന്നു നോക്കി സൂര്യനെ ഇരുട്ട് മുഴുവനായും വിഴുങ്ങിയിരിക്കുന്നു. എന്നത്തേയും പോലെ ഞാൻ വൈകി വീട്ടിലേക്കു മടങ്ങി. എങ്കിലും ജീവിതത്തിലെ നല്ല ഓർമ്മകൾ സമ്പാദിച്ച സന്തോഷം എനിക്കുണ്ടായിരുന്നു വീട്ടിൽ വന്നശേഷം ആ ക്ലാവ് പിടിച്ച രണ്ടു രൂപ ഞാനെന്റെ പ്രിയപ്പെട്ട ഡയറിയുടെ നടുപേജിൽ വച്ച് അടച്ചു അലമാരയിൽ വെച്ചു, അവന്റെ നല്ല ഓർമ്മയ്ക്കായ്.

# ആനന്ദഭവനം

തേജസ്വിനി
9 B

കമാനാകൃതിയിലുള്ള ആ ബോർഡ് ദൂരെ നിന്നെ ആരുടെയും ശ്രദ്ധയാകർഷിക്കും, ആനന്ദഭവനം. ആ കെട്ടിടം ഇന്ന് അതിമനോഹരമായി അലങ്കരിച്ചിട്ടുണ്ട്. ആനന്ദഭവനത്തിൽ നടക്കുന്ന എന്തോ വിശേഷപ്പെട്ട പരിപാടി ഉദ്ഘാടനം ചെയ്യുന്നത് മലയാളം സിനിമയിലെ സൂപ്പർസ്റ്റാർ അക്ഷയ്കുമാറാണ്. അദ്ദേഹത്തിന്റെ കൂറ്റൻ കട്ട് ഔട്ട് ഗേറ്റിനരികൾ സ്ഥാപിച്ചിട്ടുണ്ട്.

അതിസമ്പന്നരായ മക്കളുള്ള ഭാഗ്യശാലികളായ വൃദ്ധന്മാർക്കും വൃദ്ധകൾക്കും മാത്രം പ്രവേശനം ലഭിക്കുന്ന ആനന്ദഭവനത്തെ വെറും വൃദ്ധസദനമായി കാണരുത്, വൃദ്ധസദനം എന്ന് വിളിക്കരുത് എന്നാണ് ആനന്ദഭവനത്തിന്റെ മാനേജ്മെന്റ് പറയുന്നത്. ജീവിതാന്ത്യത്തിലെത്തിയവർക്ക് ആനന്ദിക്കാനുള്ള ഒരു പറുദീസ... പ്രവേശനത്തിന് ലക്ഷങ്ങൾ സംഭാവന നൽകണമെന്ന് മാത്രം.

അക്ഷയ് കുമാറിനെ ഹർഷാരവത്തോടെയാണ് പരിപാടിയിലേക്ക് സ്വീകരിച്ചാനയിച്ചത്. മന്ത്രിയും ജനപ്രധിനിതികളും പൗരപ്രമുഖരും ഒക്കെ സന്നിഹിതരാണ്. അക്ഷയ്കുമാർ സംസാരം അവസാനിപ്പിച്ചപ്പോൾ നിലയ്ക്കാത്ത കരഘോഷം. കാറിൽ കയറാൻ നോക്കിയ അയാൾക്ക് ആനന്ദഭവനത്തിലെ ഒരു ജീവനക്കാരൻ ഒരു പേപ്പർ തുണ്ടു കൈമാറി. അയാൾ തിരിഞ്ഞു ജീവനക്കാരനോടൊപ്പം നടന്നു. ജീവനക്കാരൻ അയാളെ ഭവനത്തിന്റെ മൂന്നാം നിലയിലേക്കുള്ള ലിഫ്റ്റിനടുത്തേക്ക് നയിച്ചു. ലിഫ്റ്റിൽ നിന്നിറങ്ങിയ അവർ ഇപ്പോൾ 110 നമ്പർ മുറിയുടെ മുന്നിലാണ്.

താടിരോമങ്ങൾ അലക്ഷ്യമായി വളർന്നു കാടുപിടിച്ച മുഖത്തോടെ മറവിയും ഉന്മാദവും ബാധിച്ച വൃദ്ധൻ മുറിക്കകത്തു. "സാറിനറിയാവുന്ന ആളാണ്", ജീവനക്കാരൻ പറഞ്ഞു.

സൂക്ഷിച്ചു നോക്കിയപ്പോൾ ആളെ മനസ്സിലായി, കോട്ടയം സദാശിവൻ. ആദ്യസിനിമയിൽ തന്റെ അച്ഛനായി അഭിനയിച്ച അനുഗ്രഹീത നടൻ. അക്ഷയ്കുമാർ അയാളെ ചേർത്ത് പിടിച്ചു. സദാശിവൻ പക്ഷെ ഒന്നും അറിയുന്നുണ്ടായിരുന്നില്ല, ശൂന്യതയിലേക്ക് കണ്ണും പായിച്ചു അയാൾ നിശ്ചലം നിന്നു. തിരിഞ്ഞു നടക്കുമ്പോൾ അക്ഷയ് കുമാർ മനുഷ്യ ജീവിതത്തിന്റെ അർത്ഥ ശൂന്യതയെക്കുറിച്ചാണ് ആലോചിച്ചത്. പണവും പദവിയും പരിവേഷവും നിസ്സാരമാണെന്ന ഭാരമേറിയ ചിന്തയോടെ ലിഫ്റ്റ് ഒഴിവാക്കി അയാൾ പതുക്കെ പടികളിറങ്ങി.



# മഴയുടെ സങ്കേതം

അഭിന എസ്

മഴയെ ഒരുപാട് ഇഷ്ട്ടപ്പെട്ടുന്ന ഒരു കുട്ടിയുണ്ടായിരുന്നു. അവളുടെ പേര് അക്ഷര എന്നായിരുന്നു. പുറത്ത് ശക്തമായി പെയ്യുന്ന മഴയെ നോക്കി ജനലരികിൽ നിൽക്കുന്നുണ്ടായിരുന്നു അക്ഷര. ജനലരികിലൂടെ നോക്കുന്ന അക്ഷര കണ്ടത് കൊടും ഭീകരനായ മഴയെയാണ്. ഇടിയും മിന്നലും ശക്തമായ കാറ്റും. അവൾ പേടിച്ചു വിറച്ചു ജനാലപ്പാളികൾ അടച്ചു. അവൾ കട്ടിലിൽ കയറിയിരുന്നു. കുറച്ചു സമയം കഴിഞ്ഞപ്പോൾ മഴയുടെ വേഗത അൽപ്പാൽപ്പമായി മാറിയിരുന്നു. ഇടിയുടെ ശബ്ദവും കുറഞ്ഞു. അവൾ പതിയെ കട്ടിലിൽ നിന്നിറങ്ങി. പതിയെ വീണ്ടും ജനാലയുടെ അടുത്ത് ചെന്നു. അവൾ ജനാലകൾ തുറന്നു. കാറ്റ് അവളുടെ മുഖത്തു തട്ടി. മണിമണിപോലെ പെയ്യുന്ന മഴയുടെ ശബ്ദം അവളുടെ കത്തുകളിലൂടെ ഓടി. അവൾ ജനലിലൂടെ ആകാശത്തേക്ക് നോക്കി. ആകാശത്തെ കാർമേഘങ്ങൾ പതിയെ മാറുന്നുണ്ടായിരുന്നു. ആകാശത്തെ നോക്കികൊണ്ട് തന്നെ അവൾ മഴയെപ്പറ്റി ചിന്തിച്ചു. ചിലരുടെ സാഹചര്യത്തിനനുസരിച്ചു മഴയുടെ ഭാവങ്ങൾ മാറുന്നതിനെപ്പറ്റിയാണ് അവൾ ചിന്തിച്ചത്. മഴയെ ഇഷ്ട്ടപെടുന്നവരുണ്ടാകും മഴയെ പേടിസ്വപ്നമായി കാണുന്നവരും ഉണ്ടാകും. അങ്ങിനെ മഴയുടെ പല മുഖങ്ങളെപ്പറ്റി ചിന്തിച്ചു അവൾ ഉറങ്ങിപ്പോയി.

# കാണാക്കാഴ്ചകൾ

സ്നേഹ വിനോദ്
7 C

കാറ്റ് വീശുമ്പോൾ ആടിയുലയുവിൻ ജാലകങ്ങൾ
എൻ തുറന്നിട്ട ജാലകങ്ങൾ
സമൂഹത്തിലെ തുറന്നിട്ട ജലകങ്ങൾ
തുറന്നിട്ട ജാലകങ്ങളിലൂടെ കാഴ്ച കാണാം
പക്ഷികളും പൂക്കളും നിറഞ്ഞ കാഴ്ചകൾ
ജാലകങ്ങൾ എൻ ജാലകങ്ങൾ
കട്ട് വരുമ്പോൾ തെങ്ങുകളെപ്പോലെ
ആടിയുലയുന്ന
ജാലകങ്ങൾ ജാലകങ്ങൾ കാറ്റ് വീശുമ്പോൾ
ആടിയുലയുവിൻ ജാലകങ്ങൾ
എൻ തുറന്നിട്ട ജാലകങ്ങൾ
സമൂഹത്തിലെ തുറന്നിട്ട ജലകങ്ങൾ തുറന്നിട്ട
ആടിയുലയുന്ന ജാലകങ്ങൾ
ജാലകങ്ങളിലൂടെ പച്ചപ്പുകൾ കാണാം
രാവിലെ ജാലകങ്ങളിലൂടെ നോക്കുമ്പോൾ
പലതരം കാഴ്ചകൾ കാണാം
കോഴി കൊക്കര കൂവുന്നതും പൂച്ച കരയുന്നതും
ജാലകങ്ങൾക്കിടയിൽനിന്നു കാണാം
ജാലകങ്ങൾ തുറക്കുമ്പോൾ നല്ല കാഴ്ചയാണ്
വെട്ടിത്തിളങ്ങുന്ന സൂര്യനെയും നല്ല നീലാകാശവും
ആടിയുലയുന്ന തെങ്ങിൻ തോപ്പുകൾ
പച്ചവിരിച്ച പടങ്ങൾ
കാറ്റ് വീശുമ്പോൾ ആടിയുലയുവിൻ ജാലകങ്ങൾ
എൻ തുറന്നിട്ട ജാലകങ്ങൾ
സമൂഹത്തിലെ തുറന്നിട്ട ജലകങ്ങൾ തുറന്നിട്ട ജാലകങ്ങൾ

# സ്നേഹസ്പർശം

വൈഗ ദാസ് പി കെ

ഒരു ദിവസം ഒരു മരക്കൊമ്പിൽ വിഷമിച്ചിരിക്കുന്ന ഒരു മഞ്ഞക്കിളിയെ കുഞ്ഞി പൂമ്പാറ്റ കണ്ടു കുഞ്ഞി പൂമ്പാറ്റ മഞ്ഞക്കിളിയോട് കാര്യം തിരക്കി.

"എന്താ മഞ്ഞക്കിളി ഇങ്ങനെ വിഷമിച്ചിരിക്കുന്നത്?"


മഞ്ഞക്കിളി പറഞ്ഞു, "ഞാൻ കൂടുണ്ടാക്കാൻ ചുള്ളിക്കമ്പ് തിരയുകയാണ്. പക്ഷെ എവിടേയും ചുള്ളിക്കമ്പ് കിട്ടാനില്ല."

കുഞ്ഞി പൂമ്പാറ്റ പറഞ്ഞു, "ഓഹോ നീ ഇതിനാണോ വിഷമിക്കുന്നത്. ഞാൻ ഒരു സ്ഥലം പറഞ്ഞു തരാം. അവിടെ നിറയെ ചുള്ളിക്കമ്പുകളുണ്ടാകും. വാ ഞാൻ നിന്നെ അവിടെ കൂട്ടികൊണ്ടു പോകാം പോരെ."

മഞ്ഞക്കിളി പറഞ്ഞു, "ആ ശരി കുഞ്ഞി പൂമ്പാറ്റേ"

കുഞ്ഞി പൂമ്പാറ്റ മഞ്ഞക്കിളിയെയും കൂട്ടി അവിടെ പോയി. അവിടെ നിറയെ ചുള്ളിക്കമ്പുകളുണ്ടായിരുന്നു. മഞ്ഞക്കിളിക്ക് അതുകണ്ടപ്പോൾ സന്തോഷമായി. മഞ്ഞക്കിളി അത് വച്ച് മനോഹരമായ കൂടുണ്ടാക്കി. അതിനുശേഷം മഞ്ഞക്കിളി കുഞ്ഞിപൂമ്പാറ്റയോട് നന്ദി പറഞ്ഞു.

ധ്യാൻ കൃഷ്ണ ഇ കെ
6 C



# മീനുവും തത്തയും

ശ്രീനന്ദ എം കെ

മീനു മുറ്റത്തിറങ്ങി കളിക്കുകയായിരുന്നു. അപ്പോഴാണ് അവൾ ആ കാഴ്ച കണ്ടത്. മുറ്റത്തെ കവുങ്ങിൻ പൊത്തിൽനിന്നു തത്തമ്മ പറന്നുപോകുന്നു. പൊത്തിൽ തത്തമ്മയുടെ കുഞ്ഞുങ്ങൾ ഉണ്ടാകും. അതിൽ ഒന്നിനെ എനിക്ക് വേണം. പിടിച്ചുതാ ........അവൾ വാശിപിടിച്ചു.

ഏട്ടൻ കവുങ്ങിൽ കയറി തത്തയെ പിടിച്ചു കൊടുത്തു. അതുകണ്ടു അമ്മ പറഞ്ഞു. "മോളെ മറ്റു ജീവികളോട് കരുണ കാണിക്കണം. പെറ്റമ്മയ്ക്ക് മക്കളോടുള്ള സ്നേഹം അത്ര വലുതാണ്. അതുകൊണ്ട് അതിനെ വിട്ടേക്ക്". അമ്മയുടെ വാക്കുകൾ അവൾ അനുസരിച്ചു. തത്തക്കുഞ്ഞിനെ അപ്പോൾ തന്നെ പൊത്തിലേക്കു വിട്ടയച്ചു. താൻ ചെയ്ത കാരുണ്യം എത്ര വലുതാണെന്ന് അവൾ ചിന്തിച്ചു.

# ഊഞ്ഞാൽ

സുജാത ഇ
അധ്യാപിക

പണിക്കിറങ്ങിയ അച്ഛന്റെ
തൂക്കുപാത്രം തുറന്ന
മകൾ
കറിയില്ലാത്ത കഞ്ഞി
എന്നാശങ്കപ്പെട്ടു
ഇന്ന് ഇത് മതിയെന്ന്
തൃപ്തിപ്പെട്ടു അയാൾ
ഒരൂഞ്ഞാലു കെട്ടണമെന്നവൾ
വൈകിട്ടാവാമെന്നയാൾ
പിറകെയിറങ്ങിയ അമ്മയുടെ
കയ്യിൽ പാത്രമേയില്ലായിരുന്നു
'അമ്മ വിശക്കുമ്പോഴെന്തു
ചെയ്യുമെന്നവൾ
തീരെ വിശപ്പില്ലെന്നമ്മ
തനിച്ചു വീടിനു കാവലിരുന്നവൾ
കണ്ണൻ ചിരട്ടയിൽ വീട്ടുമുറ്റത്ത്
സദ്യയുടെ സമൃദ്ധിയൊരുക്കിയ
ആറു വയസ്സിലെ വീട്ടമ്മ
ഒറ്റയ്ക്കുണ്ണണ്ട കൂടെ
ഞാനും വരാമെന്നു ചിരിച്ചു
അയലോക്കത്തെ മാമൻ
കൊട്ടിയ പ്ലാവില കൊണ്ട്
വിളമ്പിയ സദ്യക്ക്
മാമന്റെ വക ചോക്ലേറ്റ് സമ്മാനം
മോളുടെ മേനിയിലൊളിച്ചു മിട്ടായി  മധുരം
തിരഞ്ഞു മാമന്റെ സാറ്റുകളി
പാതിമയങ്ങി
ക്ഷീണിച്ചു തളർന്നവൾ
സാറ്റ് കളി ഇഷ്ടമില്ലെന്നു പുലമ്പി
ഇനി ഉത്തരത്തിൽ
കെട്ടിയ ഊഞ്ഞാലിൽ
ആടി കളിക്കാമെന്നു
മാമൻ
ആട്ടം പതുക്കെ മതിയെന്ന്
പറയാൻ കൊതിച്ചെങ്കിലും
വാക്കുകൾ വിലങ്ങി
അവൾ നന്നായുറങ്ങി .  പതുക്കെ
പടികളിറങ്ങി,

# ഞാൻ കണ്ട സ്വപ്നം

ദേവ്നഷമൽ

ഞാൻ അച്ഛന്റെയും അമ്മയുടെയും കൂടെ കടൽത്തീരത്ത് നിൽക്കുകയായിരുന്നു. തിരമാലകൾ തീരത്തേക്ക് വന്നും പോയും ഇരുന്നു. എന്നെപ്പോലുള്ള കുറെ കുട്ടികൾ ഒരുവശത്ത് നിന്നും പന്ത് കളിക്കുന്നുണ്ടായിരുന്നു. എനിക്കും അവരോടൊപ്പം കളിക്കണമെന്ന് തോന്നി. അച്ഛന്റെ കൈ വിടുവിച്ചു ഞാൻ കുട്ടികളുടെ ഇടയിലേക്ക് ഓടി. പെട്ടെന്ന് ചുറ്റും ഇരുട്ട് പരന്നു. എന്റെ കൂടെ ഉണ്ടായിരുന്ന ആരെയും കാണുന്നില്ല. ഞാൻ ഉച്ചത്തിൽ കരഞ്ഞു. ഞെട്ടി ഉണർന്നു എന്റെ കരച്ചിൽ കേട്ട് അച്ഛനും അമ്മയും എഴുന്നേറ്റ് വന്നു. ഞാൻ കണ്ടത് ഒരു സ്വപ്നമായിരുന്നുവെന്ന് അപ്പോഴാണെനിക്ക് മനസ്സിലായത്. ഇനി എവിടെപ്പോയാലും അച്ഛന്റെയും അമ്മയുടെയുംകൂടെ തന്നെ നിൽക്കുമെന്ന് ഞാൻ തീരുമാനിച്ചു.

# നന്മയുടെ വെളിച്ചം

ആരുഷ് വി രാകേഷ്
6 C

ഒരിടത്തൊരിടത്ത് മനു എന്ന് പേരുള്ള ഒരു വികൃതി കുട്ടിയുണ്ടായിരുന്നു. അവനെന്നും മൃഗങ്ങളെയും പക്ഷികളെയും സസ്യങ്ങളെയും ഉപദ്രവിക്കുമായിരുന്നു. കുഞ്ഞിപൂച്ചകളെയും നായ്ക്കളെയും പക്ഷികളെയും കണ്ടാൽ അവൻ കല്ലെടുത്ത് എറിയുമായിരുന്നു. നല്ലമണമുള്ള പൂവ് തരുന്ന ചെടികളെയും കുഞ്ഞു കുഞ്ഞു സസ്യങ്ങളെക്കൂടി അവൻ ഉപദ്രവിക്കുമായിരുന്നു. ആദ്യമൊക്കെ അവൻ ഇതിനെയൊക്കെ മാത്രമായിരുന്നു ഉപദ്രവിക്കാറ്, കുറച്ചു ദിവസങ്ങൾ കഴിയുമ്പോൾ അവൻ തന്റെ കൂട്ടുകാരെയും ഉപദ്രവിക്കാൻ തുടങ്ങി. പഠിക്കുന്ന കുട്ടികളുടെ ആവശ്യവസ്തുക്കൾ പൊട്ടിക്കും. ഇങ്ങനെയൊക്കെ ചെയ്ത് വളരെ മോശമായ ഒരു കുട്ടിയായി അവൻ വളർന്നു.

ഒരിക്കൽ ഒരു കുട്ടിയുമായി അടിപിടി കൂടുമ്പോൾ അവന്റെ കാൽമുട്ടിന് മുറിവ് പറ്റി അവൻ വീട്ടിൽ പോയി. അവന്റെ അമ്മയോട് ഓടുമ്പോൾ വീണതാണെന്നു കള്ളം പറഞ്ഞു. അവന്റെ അമ്മ അവനു മരുന്ന് വച്ച് കൊടുത്തു. വികൃതിയാണെങ്കിലും അവൻ നല്ലവണ്ണം പഠിക്കും. മുറിഞ്ഞിട്ടും അവന്റെ വികൃതിത്തരം മാറിയില്ല അവന്റെ പണ്ടത്തെ ശീലങ്ങൾ വീണ്ടും തുടങ്ങി. ഒരു ദിവസം അവൻ വേറൊരു കുട്ടിയുമായി അടിപിടി കൂടുന്നത് ടീച്ചർ കണ്ടു. രണ്ടാൾക്കും ടീച്ചറുടെ കയ്യിൽ നിന്ന് നല്ല വഴക്കു കിട്ടി. ടീച്ചർ രണ്ടാളുടെയും അമ്മയോട് കാര്യങ്ങൾ പറഞ്ഞു. വീട്ടിൽ പോയപ്പോൾ മനുവിനും മറ്റേ കുട്ടിക്കും അവരുടെ അമ്മയിൽ നിന്ന് നല്ല വഴക്കു കിട്ടി. അടുത്ത ദിവസം അവൻ സ്കൂളിലേക്ക് പോകുമ്പോൾ ഒരു കാലില്ലാത്ത കുട്ടി മാലിന്യങ്ങളെല്ലാം പെറുക്കി ഡെസ്റ്റുബിന്നിൽ ഇടുന്നത് അവൻ കണ്ടു. അവനു കാലില്ലാഞ്ഞിട്ടും അവൻ പരിസരം വൃത്തിയാക്കുന്നു, എനിക്ക് കൈയ്യും കാലും ഉണ്ടായിട്ടും ഞാൻ കാര്യമായൊന്നും ചെയ്യുന്നില്ലല്ലോ. എന്നവൻ വിചാരിച്ചു. ആ സംഭവം കഴിഞ്ഞു അവൻ ആരെയും ഉപദ്രവിച്ചില്ല. .

# ഇന്നിന്റെ നോവ്

ആത്മിക കെ കെ
6 C

കാറ്റുവീശുന്ന ജാലകത്തിനു പുറത്ത്
വലിയകൂറ്റൻ കെട്ടിടങ്ങളും
വാഹനങ്ങളും
പുക പുറത്തു വിടുന്ന ഫാക്ടറികളും ഫ്ലാറ്റുകളും
ഈ സമൂഹത്തിന്റെ പുതിയ കാലം ...
വേറെ ദിക്കിൽ ഭക്ഷണമില്ലാത്ത കൊച്ചുകുട്ടികൾ
ഭിക്ഷ യാചിക്കുന്നു
മറുവശത്തു ഭിക്ഷ യാചിക്കുന്ന കൊച്ചുകുട്ടികളെ
കളിയാക്കുന്നവർ ഒട്ടേറെ



ഈ സമൂഹത്തിൽ പാപം ചെയ്യുവർ എത്രപേരുണ്ട് ?
തെരുവ്നായകൾ പഠനശാലയിൽ പോകുന്ന
കൊച്ചുകുട്ടികളെ കടിക്കുന്നു
പിന്നെ ഒരുപാട് സ്ത്രീകളൊക്കെയും തേങ്ങി
തേങ്ങി കരയുന്നു
സ്വന്തം അച്ഛനമ്മമാർ
കുട്ടിയെ സ്ത്രീധനം കൊടുത്തു പറഞ്ഞയക്കുന്നു
ഇതിനുമാത്രം എന്തുപാവം ഇവരുമവരും ചെയുന്നു .
ഈ ലോകത്ത് നടക്കുന്ന കാര്യങ്ങൾ
എണ്ണാനാവാത്ത കാര്യങ്ങൾ .
ജനാലയ്ക്ക് അപ്പുറത്തു നെഞ്ചുപൊട്ടുന്ന
വേദനകൾ

മറ്റു ദേശത്ത് മറ്റു കുടുംബങ്ങൾ ഇതൊന്നുപോലും
ഓർമ്മിക്കാതെ പരമാവധി പോൽ ആഹ്ലാദിക്കുന്നു .
എന്തുകൊണ്ട് ഇവിടെമാത്രം ഈ ദുഃഖകാര്യം
എന്ത്കൊണ്ട് ഇവിടെമാത്രം ഈ ദുഃഖകാര്യം ....
ഈ ജനാലയ്ക്ക് അപ്പുറത്ത് മറക്കാനാവാത്ത
കാര്യങ്ങൾ .

അനുദേവ്കൃഷ്ണ
9 C


ആഡംബരം ഒട്ടുമില്ല. ഡ്രൈവർക്ക് കഴിഞ്ഞമാസത്തെ ശമ്പളം പോലും പകുതിയേ കൊടുത്തിട്ടുള്ളൂ !
എന്റെ വാർദ്ധക്യ പെൻഷൻ
പിണറായിയുടെ കൂടെ ഒരു ഫോട്ടോ എടുക്കാൻ പറ്റിയില്ല
നവകേരള ബസ് ഓടിക്കുന്നത് KSRTC ഡ്രൈവർ...
SMILE

# ഒറ്റക്കോലം

ഹരികൃഷ്ണൻ എം വി
9 B

അപ്പോഴാണ് ഞാനത് ശ്രദ്ധിച്ചത്, തലപ്പാളി കാണുന്നില്ല. "അയ്യോ, ചതിച്ചോ. തലമുറകളായി കൈമാറി വന്നത് കാണുന്നില്ല. ഇനി ഞാൻ എന്റെ മൺമറഞ്ഞ കാരണവരോട് എന്ത് പറയും? നാളെയല്ലേ ഒറ്റക്കോലം. ചുവടുകൾ പിഴക്കുമോ? അഗ്നി ചതിക്കുമോ? കൂടെയുള്ളവരോ?"

ഇക്കൊല്ലത്തെ ആദ്യത്തെ തെയ്യാണ്. തലപ്പാളി സ്വന്തമായി ഇല്ലെങ്കിൽ കൊല്ലം പോകും. എന്റെ അച്ഛൻ പറഞ്ഞിറ്റിണ്ട്, കൊല്ലം പോവാൻ ചുവട് പിഴച്ചാൽ മതിയെന്ന്. രാഘവൻ വെള്ളാട്ടം കെട്ടുമ്പോൾ നല്ലോണം വെള്ളടിച്ചിറ്റാണ് കീയുന്നത്. പക്ഷെ, ഞാനിതു വരെ മദ്യം കൈകൊണ്ട് തൊട്ടിട്ടില്ല. പലരും പറഞ്ഞിന്, ഒരിക്ക തൊട്ട് നോക്കെങ്കിലും ചെയ്യ്ന്ന്. ഇല്ല, ഞാനത് ചെയ്യൂല. എന്റെ അനുഷ്ഠാനവും ആചാരവും വിട്ടിറ്റ് എനക്കൊന്നൂല്ല.

അപ്പോഴാണ് മാമൻ വന്നത്. മാമന് എന്നെ കണ്ടപ്പോ തന്നെ മനസ്സിലായി. എന്തോ കൊയപ്പുണ്ട്ന്ന്. മാമൻ ചോയ്ച്ചു, "എന്താടാ രാജൂ, നിനക്കൊരു വിഷമം പോലെ."

"ഒന്നൂല്ല മാമാ" എന്ന് പറഞ്ഞ് ഞാൻ ഒയിഞ്ഞു മാറി. പക്ഷെ മാമന്റെ സംശയം മാറീല്ല. ഞാൻ സതിയോട് കാര്യം പറഞ്ഞു. സതി പറഞ്ഞു, "എനക്കൊന്നും അറീല, മാമനോട് ചോയ്ച്ച് നോക്ക്."

ഞാൻ അതിന് തയ്യാറായില്ല. "രാജൂ, പട്ടെടുത്തില്ലേ.?" മാമന്റെ ചോദ്യം. ഞാൻ ഒന്ന് മൂളി. മാമന്റെ ഒറ്റക്കോലത്തെ തോൽപിക്കാൻ ഇന്നു വരെ ആർക്കും കയിഞ്ഞിറ്റില്ല. അങ്ങനെ എഴുത്ത് കഴിഞ്ഞ് മാമൻ ഉടയെവിയെ എന്ന് ചോയ്ച്ചു. ഒറ്റക്കോലത്തിന് മുൻപ് ഉടയും അഗ്നിയും ഒന്ന് കാണണം.

അങ്ങനെ ഞാൻ രാഘവന്റെ തലപ്പാളി മാമന് കെട്ടിക്കൊടുക്കുന്നു. മാമൻ അഗ്നിക്ക് മുമ്പിൽ വണങ്ങി. എന്റെ മനസ്സ് വിങ്ങിപ്പൊട്ടുന്നതായി എനക്ക് തോന്നി. തെയ്യത്തിന്റെ അവസാന ഒരുക്കത്തിൽ ഞാനത് പറഞ്ഞു. മാമന്റെ മുഖം എഴുത്തിൽ നിന്ന് മോചിതമായതായി എനക്ക് തോന്നി. അഗ്നിയിലേക്ക് പോകുമ്പോഴും മാമൻ കരയുന്നിണ്ടായ്ന്. അങ്ങനെ മാമൻ തന്റെ അച്ഛനെ നഷ്ടപ്പെടുന്നതും കാരണവന്മാരെ നഷ്ടപ്പെടുന്നതും ഒക്കെ ഓർത്ത് ഉടയുടെ ഉള്ളിൽ തല താഴ്ത്തി വിലപിക്കുന്നു. പെട്ടെന്ന് അഗ്നിയിൽ വീണ മാമൻ എണീക്കുന്നില്ല. പിന്നെ നടന്നതൊന്നും എനിക്ക് ഓർമ്മയില്ല. "ഒരു തേങ്ങ വാങ്ങീറ്റ് വാ" എന്ന് ആരോ പറയുന്നിണ്ടായ്ന്.